The Dam is perhaps the most beautiful scene. The variety and general beauty at this scene are nothing but the outcome of the brains of man; among the achievements of man in Kerala waters, this Dam perhaps tops the list for its sober and unruffled beauty. There are paths, connecting the various corners of the Dam, made of black granite stones, with artfully cut shrubs on both sides.

After enjoying the scenic beauty of the Dam we resumed our return journey. The boat took us along the lake for about three hours. The contemplation of these sights kept us above the level of the earth, suspended in a dream-world for some time. Arrangements had already been made for lunch. In the afternoon we returned to Kottayam and the next day back at last to Trichur.

Thekady is the beauty spot on the face of Kerala. None could surpass or even equal it. A journey to Thekady—it can never, never be forgotten. It is an ideal and excellent holiday resort. The poetic beauty and captivating charm of it cannot easily be expressed in exact and exhaustive expressions. What strikes one most is the sublime solitude—a general feeling of isolation from the stir and strife of humanity, a sense of fresh liberation from among the madding crowd. Here, "all the air a solemn stillness holds." A fitter place of enjoyment than Thekady is hard to be found in Kerala for persons who seek to enjoy their holidays at a spot of scenic beauty.

JAIHIND



that raise the hairs, so that the cat's fur stand on end. One of the many interesting facts about adrenalin is that it can now be manufactured in chemical laboratory. This is used as a drug to treat heart-ailments, to stop nose bleeding and the like. Addison's disease in man long known to be the result of insufficient secretion by adrenal cortex, can now be controlled by treatment with certical products.

Another important hormone is that produced by 'thyroid gland', which lies on each side of our voice box (larynx). "Thyroxin", which is the active principle of secretion of thyroid gland was isolated in 1916 and synthesised in 1927. It regulates cellular oxidations so that the organism tends to burn itself up faster than it can rebuild it's protoplasm. Thyroxin contains 'iodine' which is the important part of the molecule in so far as it's effect on the metabolic rate is concerned. In adults sub-normal thyroid secretion produces a condition known as 'myxoederma', strikingly characterised by swollen, dry skin and resulting in mental impairment. If the gland is deficient in activity at the propertime, the growing child suffers arrest of development in body and mind. One kind of goitre is the result of an insufficient supply of thyroid hormones, while another type may be the result of too much thyroxin. The thyroid hormone which is absolutely necessary for our continued good health can now, like adrenalin, be built up artificially by chemists.

Embedded in the thyroid gland are the "Parathyroid", the secretion of which was isolated in 1925, but not identified. This hormone regulates the concentration of calcium in blood. Deficiency of the hormone causes the deficiency of calcium in the blood. If the production is too much, a condition of hyper-parathyroidism occurs; the calcium may be withdrawn from bones. Besides, the pancreatic juice produced by the Pancreas, there is also another hormone, secreted by the 'Islets of Langerhams', which is discharged into blood. The hormone known as insulin was isolated in 1922. If the insulin become deficient in quantity or the secretions become low the sugar will be present in excessive amounts in the blood and is excreted in the urine. This is the symptom of the well-known disease 'diabetes'. Injection of insulin may be effective to control diabetic symptoms.

The hormones secreted by the "Pituitary gland", together with reproductive organ will be effective in controlling the reproductive cycles. The hormones from the anterior lobe of the pituitary, behaves as a regulator of growth in the case of young ones, which can be noted easily in the long bones. Over secretion during youth results in 'gigantism' and unusual growth of bones of hands, feet, and face occurs under similar conditions in adults. This Pituitary gland, which is a tiny rubbin, weighing about one gram is the most complicated of all our glands. It pours out at least fifteen different hormones, and appears to be the main co-ordination of the various activities of other hormones. It has been called the master gland, and much of its activities still remains as a riddle of science. A. C. T. H. — 'the Adreno-Cortico-Tropic Hormone', a product of pituitary, stimulates the adrenal body to produce 'cortisone', both of which are used in the treatment of 'rheumatoid arthritis' and 'rheumatic fever'.

A number of sex hormones, secreted by the gonads control sex development. Two are produced by the cells of ovaries. 'Estradiol' is the primary female sex hormone and is responsible for female characteristics. Another is 'Progesterone'

# The Historical Outlook of KASHMIR

*Anonymous*

Kashmir is the most beautiful State in our country. The State with two capitals—Srinagar: the summer capital and Jammu: the winter capital—covering an area of 86,023 square miles (including Asad Kashmir), is as big as Great Britain. It has a population of 35,60,976 (1961 census) of which 80% are Muslims. In the beginning Pakistan raised the same issue of religion and claimed to have religious persecution there, for the king was a Sikh.

The Kashmir problem is the greatest one, the U. N. O. ever came across. The U. N. Security Council and the U. N. General Assembly spent more time on this issue than on any other.

Kashmir has been originally a part of India. The very name "Kashmir" is said to have originated from "Kashyapa Mar", the name of a saint. History shows that Kashmir is intimately connected with India. In the 3rd century B. C. Ashoka the great spread Buddhism in Kashmir. In 1586 the Mughal emperor Akbar conquered Kashmir and brought it under his crown. Kashmir passed under Afghan rule in 1756. In 1819 it was annexed to the Sikh Kingdom of the Punjab. Although the British established sovereignty over Kashmir as well, the Sikh kings continued to be in power. In 1820 Ranjit Singh, the Sikh ruler, made over the territory of Jammu to Gulab Singh. Under the Treaty of Amritsar in 1846 Kashmir became a part of Gulab Singh's territory under the British sovereignty.

The first political party in Kashmir is "the Kashmir National Conference" under the leadership of Mr. Shaik Abdulla which was formed to liberate Kashmir from the yokes of the British. At last we got freedom on the basis of the dividing principle according to religion. It has been already mentioned that majority of the people are Muslims, and the same was the argument put forward by Pakistan in the beginning. But, as the other States, Kashmir also was given the option to join either Pakistan or India. In the beginning the King of Kashmir adopted an independent policy.

When the issue of religious persecution, put forward by Pakistan, failed to yield the desired object, Pakistan began to send raiders to Kashmir in the guise of tribesmen. These infiltrators were highly trained military men and were sent to create internal struggle throughout Kashmir and thus to overthrow the Government. At this critical juncture the King of Kashmir requested military help from India. The Government of India undertook to push off all the infiltrators from Kashmir. Before the work could be completed India stopped military action. Thus Pakistan formed Asad Kashmir comprising of ⅓ of the Kashmir State.

On 27th October 1947, the King of Kashmir signed an agreement which validated the merging of Kashmir State with India. On 31st October 1947 the first Ministry was formed under Mr. Shaik Abdulla. The State Legislature passed



MEMBERS OF THE MAIN HOSTEL



MEMBERS OF THE JUNIORATE HOSTEL



JOSEPH MATHEW
FINAL M. SC.



THOMAS KAKASSERY
CHAIRMAN C. S. U.



THOMAS ALAPATT
BEST ACTOR

# Rationalisation of Indian Industries

*Ramachandran Puthezhath, Final B. A.*

Rationalisation is the process of increasing the efficiency of industry and of reducing the costs of production. It is a large process and covers various aspects, such as renovation and modernisation of machinery and technical equipment in factories, replacement of labour by automatic machinery and labour-saving devices, increase in the tempo of work by scientific management and improvements in the organisation of industry to eliminate wasteful competition.

During the past few years an acute controversy has been raging round the introduction of rationalisation in Indian industries. The issue was mainly confined to cotton and jute mill industries. In as much as with the exception of iron and steel, sugar and colliery industries etc: all other industries are not old enough to need rationalisation. We shall examine the arguments adduced in favour of rationalising the Indian industries and the difficulties with which the problem of rationalisation of industries in the country bristles.

Most of our cotton and jute mills are working with insufficient and obsolete machinery. These industries do not have that competitive strength in the foreign markets as they otherwise would have. Cost of production remains at a high level, quality suffers sometimes and wastages take place in production. Continuance of the use of outdated machinery and old techniques also lead to a weak position in the internal market. Thus the need for rationalisation is imperative.

In a speech delivered on the 13th September 1956 the necessity to employ modern techniques was recognised by our late Prime Minister Pandit Nehru. He said, "You can only produce much more wealth by adopting higher techniques—A man may work as hard as five men, but no man can work as hard as 1000 men and the modern technique gives a man the power of a thousand men ........"

The problem of rationalisation is common to all the old established industries. It is a happy sign that the three old units of iron and steel industry — the TISCO, the IISCO and the Mysore Iron and Steel Works—have incorporated rationalisation and expansion measures with financial co-operation from the World Bank and the Government of India. The mining industries have also rationalisation problems and sometimes they are of a very acute and complicated nature. Amalgamation, mechanisation and electrification are directly needed.

However, rationalisation on a large scale is not always possible without tears. Adoption of new machinery and techniques invariably leads to displacement of human labour. Really increased use of new technique lowers costs of production and

# Subhramanya Bharathy One of the Greatest Patriots

*M. Sreekumar, Ist B. Sc.*

Subhramanya Bharathy (A poet of Tamilnad, one of the martyrs of Indian independence) is now fading away from our memory. He had a revolutionary spirit.

Subhramanya Bharathy was born in 1882 in Madras. His father was a great scholar in Tamil and in Sanskrit. At that time these types of scholars were under the thumb of the landlords. Bharathy was unfortunate in being orphaned by his mother's premature death; but it was mitigated by his father's great sympathy towards him. He was lucky to study under great scholars of Tamil. They were Thiruvalluvar and Kamban. They gave a kick to the æsthetic talent which was embedded in him, so that he had a great love for poetry. His flair in literature added a feather in the crown of victory — "Bharathy" award.

He married at the age of fifteen. Meanwhile his father passed away. At this time he met with many difficulties. Desperation led him to Benares, where his aunty was living. The waters of Ganges and Jamna gave inspiration to the mind of the poet. The lulling sounds of the waters in the river calmed his rebellious spirit, whose eyes were opened to perceive the realities of human life.

After completing his Secondary education in Prayag, Bharathy returned to Madras. There he began to read the books of Shelley, Keats, and Byron. Shelley's books attracted his mind because Bharathy was attracted by the mode of presentation of Shelley. He had the same destiny as his father to serve the landlord. A revolutionary spirit could never be under pressure. It will burst at any time. So was the case with Bharathy. He sowed the seed of revolution in the minds of the people. For a short span of time Bharathy was a Tamil teacher in Madurai School. Again he went to Madras and he became the associate editor of "Swadhesha Mitra." The fiery spirit in him came out in the form of poems and articles. This awakened the minds of the Tamilians. The old saying "the pen is mightier than the sword", was once more proved. His was the picture of naked truth.

In 1906 he went to Calcutta for the Congress meeting. The volcano of revolution was brewing. He became the editor of a newspaper "Indian". He continued his political activities, through the paper. At this time Dhadha Bhai Naoroji and Lokmanya Thilak were the leaders of revolution. He was a continuous headache to the Government and he feared imprisonment and went to Pondicherry for good. There he joined Sri Arabindo and continued his work. There blossomed and flourished best flowers of his work. The black hands of death snatched the great soul in 1921.

A statue was erected by the people of his village. Many of the jewels among his works have not seen light. His contribution to Indian literature is a great treasure. The famous poems Panchali Shabhatha and Krishna Pattu were written by him. His greatest desire was to see India independent. Though he died four decades ago he will live in the hearts of the Indian people.

# The Sighs

*By K. K. Mohamed Ali*
*III B. Sc.*

You are led to the altar,
With a countenance bowed;
The warm cheers confierred
May go to the blissful stream.

Your eyes! Oh! I faint
Am I to claim any more?
The days have gone never to come
The tides of love must disappear.

The hopes how we mould
Often lead but to the gloom
The stifling air of the world
Trembles the soul the acme.

... ... ... ... ... ... ...

The dark has muffled the earth
The stars gaze at the sighing souls
The clouds of the anguish to the moon
The tears from the above wet the herbs.

... ... ... ... ... ... ...

Sleep! you do not come to me
Oh! I become thirsty
Never, never, you shall not bless
Here — I am, reduced to mist.

malice or for money will betray their kith and kin and, there will always be men who from love of adventure or a sense of duty will risk a shameful death to secure information valuable to their country". It is about such men that Maugham has written in "Ashenden". It is considered to be a brutal, cynical record of British episonage. It is of course a spell-binding work of fiction.

"The Moon and the Sixpence" was his another beautiful and thrilling novel sketching the colourful and moving steps of the South Seas that torturely followed Paul Gangin's life. Of all his novels only "Of Human Bondage"remains more popular than the "Moon and the Sixpence". In 1930 he published the controversial book "The Cakes and the Ale". It was a witty satirical barb aimed at the London literary life. Critics accused Maugham of having cruelly represented the famous and beloved author Thomas Hardy in this story. A curious controversy followed. When it finally died out, thousands of readers were left joyously reading one of his cleverest books.

Later works like "Theater" "Christmas Holiday" "The Razor's Edge" etc. were all best sellers and written on divergent themes. "The Painted Veil" is a master creation. A woman married to a scientist in Hong Kong falls in love with an attractive philanderer. When her husband divorces the affair, he insists on her accompanying him upon a dangerous mission to an area of the colony infested by cholera. On that harsh pilgrimage of retribution she learns the difference between illusion and reality. In the powerful novel Maugham depicts once more the dilemmas and predicaments of men and women who confuse love with passion.

Maugham's short stories are world—widely acclaimed. All his short stories are sharp, little and varied in setting and mood. They are full of ironical remarks and observations. It is true that his stories resemble the stories written by Maupassant in technique. Even a specky and most sordid subject is enough for their writings. They can fully elaborate the point to climax and anticlimax. His collections of short stories include "The Trembling of a Leaf" "First Person Singular" "East and West" "The Mixture as Before". Among his most successful stories are "The Human Element" "Mr. Know - all" and "Miss Thompson". He will be long remembered as a story writer—more than any writer of modern times he gave graceful shape, lilting sweep, flourish and realistic touch to his short stories.

His position as one of the most successful play wrights on the London Stage was consolidated simultaneously. His first play "A Man of Honour" was followed by a procession of successes. It is interesting to remember that his grand rival was Bernard Shaw. His theatre career ended with Sheppey in 1933.

Apart from this, he wrote travelogues, essays, and criticisms. His travelogues include "On a Chinese Screen" and "Don Fernando". It is said that the "Summing Up" is his autobiography. The book is cent per cent revealing. Another autobiographical note is the "Writer's Note-book".

The qualities of Somerset Maugham as a writer are not elusive. An innate dramatic sense enabled him to write sound, solidly constructed novels that conquered the minds of the readers. His prose is clean and hard and is also marked by a precision that is rare in contemporary writing.

# സാഹിത്യകൗതുകം


| | | | പേജ് |
|---|---|---|---|
| 1. | കേരളഗാനം | കെ. ആർ. ഗംഗാധരൻ | 1 |
| 2. | ലാൽബഹാദൂർ ശാസ്ത്രി | പി. കെ. ജയറാം | 2 |
| 3. | പോസ്റ്റുമാൻ | ചാക്കോ കാക്കശ്ശേരി | 4 |
| 4. | ഡോക്ടർ ആൽബർട്ട് ഷ്വൈററ്സർ | ചാക്കോ കാക്കശ്ശേരി | 5 |
| 5. | ജീവിതം | നടുവത്തു പരമേശ്വരൻ | 8 |
| 6. | അൽശേഷ്യൻ | ടി. കെ. ബി. കാറളം | 10 |
| 7. | വിരഹം | വി. കെ. പ്രകാശൻ | 13 |
| 8. | ഭാരതം ഇന്നും ഇന്നലെയും നാളെയും | മുകുന്ദൻ കാരേക്കാട്ട് | 14 |
| 9. | ഡോക്ടർ ഭാഭ | കെ. പി. പീതാംബരൻ | 16 |
| 10. | ജ്ഞാനപീഠം കയറിയ "ജി" | വി. ടി. രവി | 18 |
| 11. | "അപ്പോളോമാരുടെ ലോകത്തിലേയ്ക്കു" | കെ. രഘുനാഥൻ | 21 |
| 12. | വേദനയുടെ ശബ്ദം | എ. എസ്. നാരായണൻ | 27 |
| 13. | ജനാധിപത്യദർശനം | കെ. ആർ. വേണുഗോപാലൻ | 29 |
| 14. | മാതൃഭാഷയും രാഷ്ട്രഭാഷയും | അബ്ദുൾ അസീസ് തേപ്പറമ്പിൽ | 34 |
| 15. | ചിന്താശകലങ്ങൾ | ജോസഫ് പാലത്തുങ്ങൽ | 38 |
| 16. | കുമാരനാശാന്റെ കാവ്യശൈലി | ഒ. ടി. ശിവരാമൻനമ്പ്യാർ | 40 |
| 17. | ഒരു ദശവത്സരം പിന്നിട്ട ക്രൈസ്റ്റ് ഒരു അണയാത്ത ദീപം | കെ. ജെ. ജോസഫ് | 43 |



Guest of the day Sri. Tatapuram Sukumaran with Principal, Rector, Wardens' Office bearers



A VIEW OF GATHERING



TABLEAU —
Fr. DAMIEN

# കേരളഗാനം.

കെ. ആർ. ഗംഗാധരൻ, I B. Com.

ഉണരുക, ഉണരുക, കേരള നാടേ!
ഉണരുക, ഉണരുക, മാമകനാടേ!
തെങ്ങുകൾ പച്ചക്കുടകളുയർത്തി
തൊങ്ങലണിഞ്ഞു രസിക്കുന്നു-
വയലേലകൾ; തേൻകിനിയും മാങ്കനി
നിറയും മേടുകൾ കണിവെയ്പ്പൂ-
കുയിലുകൾ പാടും പാട്ടിലലിഞ്ഞേ
മയിലുകൾ നർത്തനമാടുന്നു-
അഞ്ചിതമധുരസ്വപ്നപരാഗം
ചിന്നുകയല്ലീ മലർമാസം-
ജയജയജയമമ കേരളനാടേ-
ജയജയമാമക മലനാടേ!
കഥകളി, കൂത്തുകൾ തുള്ളൽപ്പാട്ടുകൾ
കരളിൽത്തുമധു പകരുന്നു-
ജയജയജയമമ കേരളമേദിനി-
ജയജയജയ നീ സൌഭഗശാലിനി!



രാഷ്ട്രീയവനത്തിലെ കൊട്ടത്തുവക്കാടെ'ന്നു വരെ വിശേഷിപ്പിക്കപ്പെട്ട കാശ്മീർപ്രശ്നം പോലും ഒട്ടൊന്നു ശാന്തമാക്കാൻ ശാസ്ത്രിക്കു കഴിഞ്ഞു. 1962-ൽ ചീനക്കാർ ഇന്ത്യൻ അതിർത്തികളിൽ ആക്രമിച്ചപ്പോൾ അവരെ ആട്ടിയോടിക്കാൻ നെഹ്റുവിന്റെ കരങ്ങൾക്ക് കരുത്തേകിയതു് ശാസ്ത്രിയായിരുന്നു.

## മനസ്സാക്ഷിയുടെ പ്രവാചകൻ

അധികാരതൃഷ്ണ തീരെ തീണ്ടാത്ത ഒരാളായിരുന്നു ശ്രീ. ശാസ്ത്രി. അരിയാലൂർ തീവണ്ടിയപകടത്തെത്തുടർന്നുണ്ടായ അദ്ദേഹത്തിന്റെ രാജി ഇതു തെളിയിക്കുന്നു. പിന്നീട് ആഭ്യന്തര മന്ത്രിയായിത്തീർന്ന ശാസ്ത്രി തികച്ചും ഉത്തരവാദിത്വത്തോടെ തന്റെ ചുമതലകൾ നിറവേററി. ഒരു നിശ്ശബ്ദസേവകനായിരുന്നു അദ്ദേഹം. അധികം ഒച്ചപ്പാടുണ്ടാക്കി തന്റെ കഴിവുകളെ പ്രകടിപ്പിക്കണമെന്നദ്ദേഹം ഉദ്ദേശിച്ചിരുന്നില്ല. സൗമനസ്യത്തിന്റേതായ ഒരു പുഞ്ചിരിയോടെ തന്റെ പതിഞ്ഞ ശബ്ദത്തിൽ ഏതു വിഷമം പിടിച്ച കുഴപ്പങ്ങൾക്കും അദ്ദേഹം പോംവഴി നിർദ്ദേശിക്കും. അദ്ദേഹം വിജയിക്കാത്ത സന്ദർഭങ്ങൾ അപൂർവ്വമാണ്.

ശാസ്ത്രി പ്രധാനമന്ത്രിയായപ്പോൾ ആശങ്കിച്ചതൊന്നും സംഭവിച്ചില്ല. രാജ്യം കൂടുതൽ പുരോഗതി പ്രാപിച്ചു വന്നു. വിദേശബന്ധങ്ങളും മെച്ചപ്പെടുകയുണ്ടായി. ശാസ്ത്രി പ്രധാനമന്ത്രിയാകുന്നതിനു മുമ്പ് ഒരു പ്രാവശ്യം മാത്രമേ ഇന്ത്യക്കു പുറത്തു പോയിട്ടുണ്ടായിരുന്നുള്ളു. എന്നിട്ടും ഒട്ടും അപകർഷതാബോധം കൂടാതെ ലോകത്തെ അത്ഭുതപ്പെടുത്തിക്കൊണ്ടദ്ദേഹം ലോകരംഗത്തു പാറിക്കളിച്ചു. മോസ്കോ, ലണ്ടൻ, ബെൽഗ്രേഡ്, കെയ്റോ തുടങ്ങിയ വൻകിടതലസ്ഥാനനഗരികളിൽ അദ്ദേഹം മാറിമാറി പ്രത്യക്ഷപ്പെട്ടു. അദ്ദേഹത്തിന്റെ നയചാതുര്യത്തിന്റെ ഫലമായി പഴയതുപോലെ തന്നെ ഇന്ത്യക്ക് ലോകരംഗങ്ങളിൽ തലയുയർത്തി നിൽക്കാൻ കഴിഞ്ഞു.

## കുരുക്ഷേത്രത്തിലെ പാർത്ഥൻ

ശാസ്ത്രിയുടെ നേതൃത്വം ഏററവുമധികം വാഴ്ത്തപ്പെട്ടതു് ഇന്ത്യാ പാക്കിസ്ഥാൻ യുദ്ധസമയത്താണ്. തന്റെ രാജ്യത്തെ കരളുറപ്പോടും ചങ്കുറപ്പോടും കൂടി അദ്ദേഹം നയിച്ചു. ഇന്ത്യ നിലകൊള്ളുന്നതു സമാധാനത്തിനു വേണ്ടിയാണെന്നും എന്നാൽ സ്വാതന്ത്ര്യം ബലി കഴിക്കാൻ ഇന്ത്യ ഒരിക്കലും തയ്യാറില്ലെന്നും അദ്ദേഹം തെളിയിച്ചു. ഭാരതം ആ നേതൃത്വത്തെ എന്നും രോമാഞ്ചത്തോടു കൂടിയല്ലാതെ സ്മരിക്കുകയില്ല.

## താഷ്കണ്ടിൽ ഉയർന്ന സമാധാനപ്രാവ്

ശാസ്ത്രി പ്രശസ്തിയുടെ കൊടുമുടിയിൽ എത്തിയതു് താഷ്കണ്ട് സമ്മേളനത്തോടു കൂടിയാണ്. അതിന്റെ വിജയത്തിൽ ശാസ്ത്രി വഹിച്ച പങ്ക് ശ്ലാഘനീയമാണ്. ആത്മാർത്ഥതയോടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അദ്ദേഹത്തിനുള്ള താല്പര്യം ഈ സമ്മേളനം വ്യക്തമാക്കുന്നു.

താഷ്കണ്ട് സമ്മേളനം വിജയിച്ചു എന്ന സന്തോഷവർത്തമാനം വായിച്ചു തീരുന്നതിനു മുമ്പേ നമ്മെ ഞെട്ടിപ്പിച്ച ആ വാർത്തയാണ് കേട്ടതു്—അദ്ദേഹത്തിന്റെ മരണം. നമുക്കു സമാധാനത്തിന്റേയും സൗഹാർദ്ദത്തിന്റേയും കവാടം തുറന്നിട്ടു തന്നു കൊണ്ടദ്ദേഹം പറന്നകന്നു. തന്റെ പ്രിയപ്പെട്ട നാടിനു വേണ്ടി അവസാനനിമിഷം വരെ സേവനങ്ങളനുഷ്ഠിച്ച ആ ധീരസേനാനി ഇനിയൊരിക്കലും മടങ്ങി വരാത്തവണ്ണം കാലയവനികക്കുള്ളിൽ മറഞ്ഞു. താഷ്കണ്ട് വിജയത്തിന്റെ ആഹ്ലാദത്തിമിർപ്പിൽ അദ്ദേഹത്തെ ആനന്ദത്തോടെ സ്വാഗതം ചെയ്യാൻ നീട്ടിയ കൈകളിൽ ശവമഞ്ചമാണർപ്പിക്കപ്പെട്ടതു്. തികച്ചും അപ്രതീക്ഷിതമായിരുന്നു അദ്ദേഹത്തിന്റെ മരണം. എങ്കിലും മഹത്തായൊരു വഴിത്താര തുറന്നിട്ടുകൊണ്ടാണദ്ദേഹം പോയതു്. ആ പാതയിലൂടെ മുന്നോട്ടു പോവുക എന്നതാണ് നമ്മുടെ കടമ.

# ഡോക്ടർ ആൽബർട്ട് ഷ്വൈററ്സർ

[ചാക്കോ കാക്കശ്ശേരി First B. Sc.]

ആ ഗാനഗന്ധർവ്വന്റെ പേരു തന്നെ സംഗീതാത്മകമാണ്. ഒരു മഹാത്മാവ് എന്ന നിലയിൽ അദ്ദേഹത്തിൽ ചില അസാധാരണ വ്യക്തിപ്രഭാവങ്ങളുണ്ടായിരുന്നു. അന്യരുടെ ജീവിതനന്മയെ മാത്രം ലാക്കാക്കി, പ്രതിഫലേച്ഛ കൂടാതെ പ്രവർത്തിയ്ക്കാനുള്ള സന്നദ്ധതയാണ് ഒരുവനെ മഹാത്മാവാക്കിത്തീർക്കുന്നതു്. മററുള്ളവരെ സേവിയ്ക്കാനുള്ള ആ സന്നദ്ധത പല തരത്തിലാകാം. വിവേകാനന്ദസ്വാമി ചെയ്തതുപോലെ, മതത്തെ പോഷിപ്പിച്ച്, മനുഷ്യനെ പരിശുദ്ധനും, പരിപൂർണ്ണനുമാക്കാനുള്ള പരിശ്രമമാകാം; അല്ലെങ്കിൽ മഹാത്മാഗാന്ധിയും, എബ്രാഹം ലിങ്കണും ചെയ്തതുപോലെ, രാഷ്ട്രീയവും, രാജ്യതന്ത്രപരവുമായ മാർഗ്ഗങ്ങളിലൂടെ ഒരു വലിയ ജനതയെ പുരോഗതിയിൽനിന്നും പുരോഗതിയിലേക്ക് നയിയ്ക്കാനുള്ള പരിശ്രമമാകാം; അതുമല്ലെങ്കിൽ, ഫാദർ ഡാമിയനും, ഫ്ളോറൻസ് നൈററിംഗേലും പ്രവർത്തിച്ചതു പോലെ, ആതുരശുശ്രൂഷയെന്ന ഉന്നതമായ ആദർശം മുറുകെപ്പിടിച്ച്, സ്നേഹത്തിനും, കാരുണ്യത്തിനും മനുഷ്യജീവിതത്തിൽ വിലയുണ്ടെന്നു് പഠിപ്പിക്കുവാനുള്ള ശ്രമമാകാം.

ഉന്നതമായ ഒരു ആദർശം: ആ ആദർശത്തെ പ്രവർത്തനപഥത്തിൽ കൊണ്ടു വരുവാനുള്ള ഭഗീരഥപ്രയത്നം.... ഇത്രയും മാത്രമാണ്, ചുരുക്കിപ്പറഞ്ഞാൽ ആൽബർട്ട് ഷ്വൈററ്സറിലുണ്ടായിരുന്ന വ്യക്തിപ്രഭാവം.

തന്റെ രാജ്യം മാത്രം ഉദ്ധരിക്കണം എന്ന ചിന്തയല്ല മഹാത്മാഗാന്ധിയെ ഒരു രക്തസാക്ഷിയാക്കിത്തീർത്തതു്: തനിയ്ക്കു് പ്രിയപ്പെട്ട ചില രോഗികളെ മാത്രം ശുശ്രൂഷിയ്ക്കാനല്ല, ഡാമിയൻ തന്റെ ജീവിതം ബലിയപ്പിച്ചതു്; ചില സ്വാർത്ഥതാല്പര്യങ്ങൾക്കു് വേണ്ടിയായിരുന്നില്ല ആധുനികനേതാക്കന്മാരിൽ അഗ്രഗണ്യനായ കെന്നഡി അന്ത്യശ്വാസം വലിച്ചതു്. പിന്നെ എന്തായിരുന്നു അവരിലുണ്ടായിരുന്ന പ്രത്യേകത? ഉന്നതമായ ഒരാദർശം, പരമോന്നതമായ ഒരാദർശം—സേവന സന്നദ്ധത. ഒരു നിമിഷത്തെ ജീവിതത്തിനു് വേണ്ടി മല്ലടിക്കുന്ന, ഒരു നേരത്തെ ആഹാരത്തിനു് വേണ്ടി പടപൊരുതുന്ന, പതിനായിരങ്ങളെ ആശ്വസിപ്പിയ്ക്കാനുള്ള ദാഹം.

അൾസേസ് നഗരം ഭാഗ്യവതിയാണു്. തേൻ കുടുകൾ പേറുന്ന പൂമരങ്ങൾ, പച്ച പിടിച്ച മുന്തിരിപ്പടപ്പുകൾ, മൂളിപ്പാട്ടുംപാടി പാറി നടക്കുന്ന തേനീച്ചകൾ, സസ്യസമ്പൂർണ്ണമായ താഴ്‌വരകൾ—ഇതെല്ലാമാണ് അൾസേസിന്റെ പ്രത്യേകതകൾ. ഫ്രാൻസിനേയും, ജർമ്മനിയേയും വേർതിരിയ്ക്കുന്ന ആ ഭൂപ്രദേശത്തിലെ സാമാന്യം നല്ലൊരു വീട്ടിൽ, 1875 ജനുവരി 14-ാംനു- അദ്ദേഹം ജന്മമെടുത്തു. സംഗീതത്തിലും, തത്വചിന്തയിലും, ശാസ്ത്രത്തിലും അഗാധപണ്ഡിതനായിരുന്ന അദ്ദേഹം ക്രിസ്തീയ സമുദായത്തിലെ ഒരു പുരോഹിതന്റെ മകനായിട്ടാണ് ജനിച്ചതു്. മൂന്നു സഹോദരികളും, ഒരു സഹോദരനുമൊത്തു് ഗൂട്ടൺബാഗ്ഗിലാണ് ആൽബർട്ട് തന്റെ ശൈശവം പൂർത്തിയാക്കിയതു്. തേൻചുമന്നു് നടക്കുന്ന തേനീച്ചകളും, മുന്തിരിത്തോപ്പുകളിൽനിന്നു് പതഞ്ഞുപൊങ്ങുന്ന സൌരഭ്യവും, ആമ്പൽപൂക്കൾ പൊട്ടിവിരിയുന്ന പൊയ്കകളും, അന്തിമയങ്ങുമ്പോൾ കുന്നിൻനിരകളെ പൊതിയുന്ന സുവർണ്ണമേഘങ്ങളും, ആൽബർട്ടിനെ വളരെ അധികം ആകർഷിച്ചു.

മറേറതു് വിക്ടർ യൂഗോവിന്റെ "പാവങ്ങ"ളിലെ സാങ്കല്പിക സൃഷ്ടിയായ മെത്രാനും. എന്നാൽ മൂന്നാമതൊരു കൃസ്ത്യാനികൂടി ഉണ്ടായിരിക്കുന്നു—ഡോക്ടർ ആൽബർട്ടു് ഷ്വൈററ്സർ.

കുറെ അദ്ധ്വാനിക്കണം, ആ അദ്ധ്വാനം മററുള്ളവക്കു് ഉപയോഗപ്രദമാകണം, ഇതായിരുന്നു അദ്ദേഹത്തിന്റെ മനോഭാവം. ഒരിക്കൽ ഒരു കൂട്ടുകാരൻ അദ്ദേഹത്തെ ഗുണദോഷിക്കുകയുണ്ടായി. "മെഴുകുതിരിയുടെ രണ്ടററവും ഒരുമിച്ചു് കത്തിക്കാൻ കഴിയുകയില്ല." "ഓ, തീച്ചയായും കഴിയും, മെഴുകുതിരി നീളമുള്ളതായിരിക്കണം എന്നുമാത്രം." ശരിയാണു്; ആ മെഴുകുതിരി നീളമുള്ളതു തന്നെയായിരുന്നു. 1875 ജനുവരി 14-ാംനു- മുതൽ 1965 സെപ്തംബർ 4-ാംനു- വരെ ആ മെഴുകുതിരി ലോകത്തിനു് പ്രകാശമേകി.

ഒരു നല്ല എഴുത്തുകാരൻ കൂടിയായിരുന്നു ആൽബർട്ടു് ഷ്വൈററ്സർ. ഒഴുകിവരുന്ന ഭാഷാശൈലി, ആശയങ്ങളാൽ നിറഞ്ഞ കൊച്ചുകൊച്ചു വാചകങ്ങൾ. "ആൽബർട്ടു് ഷ്വൈററ്സറുടെ ആഫ്രിക്ക" എന്ന ഗ്രന്ഥത്തിൽ പറയുന്നതു് നോക്കുക: "നമുക്കിന്നാവശ്യം പ്രചരണമല്ല, സത്യംഗ്രഹിക്കാനുള്ള കഴിവാണു്; ഇന്നത്തെ പോലെയുള്ള ദേശഭക്തിയല്ല, മനുഷ്യരാശിയുടെ മുഴുവൻ ഗുണത്തെ മുൻനിർത്തിയുള്ള ശ്രേഷ്ഠമായൊരു ദേശഭക്തിയാണു്; വ്യക്ത്യാരാധനയാൽ അധിഷ്ഠിതമായ ദേശീയതയല്ല, സമാന്യസംസ്കാരമുള്ള ലോക ജനതയാണു്............"

ആ മനുഷ്യസ്നേഹി ഇന്നത്തെ ലോകത്തോടുള്ള ഒരു വെല്ലുവിളിയാണു്.


# ജോസ് ബ്രദേഴ്സ്

ലെതർ & ഷൂ മാർട്ട്

ഠാണാ, ഇരിങ്ങാലക്കുട.

## ബാററാ, കോൺപൂർ

മുതലായ പ്രശസ്ത കമ്പനിക്കാരുടെ എല്ലാവിധ

ലെതർ സാമാനങ്ങൾക്കും ഞങ്ങളെ സമീപിക്കുക.



INAUGURATION OF C. S. U.



Inauguration of Marian Sodality



Prof: K. M. Tharakan Inaugurated the Hostel Union (Main Hostel)





Address by Prof. K. M. Th...

സ്നിഗ്ദ്ധമാം കൗമാരത്തി-
നാകാംക്ഷാശതങ്ങളും
മുഗ്ദ്ധയൗവ്വനത്തിന്റെ
മാദകവികാരവും
പല രീതിയിൽ, പല
ഭാവത്തിൽ, ചുററും കാണും
പ്രകൃതിപ്രഭാവത്തിൻ
ദൃശ്യവൈവിദ്ധ്യങ്ങളും
താവക കടക്കീഴി-
ലൊന്നിച്ചു വസിക്കുന്ന
ഭാവവ്യഞ്ജകമുഗ്ദ്ധ-
ദൃശ്യം ഞാൻ ചുററും കാൺകെ,
കണ്ണുകളിരുളുന്നോ?
കയ്യുകൾ വിറകൊള്ളും-
വണ്ണമോ നിൽപ്പൂ?
കാൽകളിടറിച്ചലിയ്ക്കുന്നോ?

**മൂന്ന്**

എങ്കിലും നിന്നിൽ നിന്നു-
മുയരും സൗരഭ്യത്തിന്റെ
മംഗളം വീശും വായു-
വെൻചിത്തം ഹരിക്കുമ്പോൾ
ശാന്തി തൻ മരതക
പിഞ്ഛരികചുഴററുന്ന
മാന്ത്രികപ്രഭാവമെൻ
ചേതന മയക്കുമ്പോൾ,
അറിയാ—തറിയാതെ-
യാണു—ഞാൻ നിന്നോടൊപ്പ-
മിഴകിച്ചേർന്നീടുന്നു;
നീയൊത്തു പറക്കുന്നു.

ചിരിയിൽ കരച്ചിലി-
ലൂടെ നീയെന്നിൽ ദീപ്തി
ചൊരിയും പ്രകാശത്തിൻ
ജ്വാലയായ്ച്ചമയുന്നു.
ഇന്നു നാമൊരുമിച്ചു
സഞ്ചരിക്കുന്നു ശുഭ-
സുന്ദരവസന്തത്തിൽ,
. മഞ്ഞുറും ഹേമന്തത്തിൽ
ഉയരെക്കാണും ക്ഷേത്ര-
നടയിൽച്ചെന്നെത്തുവാ-
നിടറും കാൽവെയ്പ്പോടെ
പടികൾ കയറുമ്പോൾ,
എങ്ങിനെ ലയിക്കും ഞാ-
നാമണിശ്രീകോവിലിൽ
മംഗളമൊളി വീശും
ചൈതന്യപ്രകാശത്തിൽ?
പ്രിയമുള്ളവർ തമ്മിൽ
പിരിയാനശക്യം; നീ-
യൊരുനാളിലുമെന്നെ
പ്പിരിയാതിരിയ്ക്കുകിൽ!
കാലുകളിടറുമ്പോൾ
താങ്ങിയും പരസ്പരം
ലീലയാടീടും ചിത്തം
പകന്നും ചിരകാലം
കഴിഞ്ഞു നാ; മീവിധ-
മിനിയും തുടന്നാവൂ;
കൊഴിയും പൂക്കൾ വീണ്ടും
പുഷ്പിച്ചു നിന്നീടാവൂ!

---

*"ജീവിതപതംഗമേ! ദേഹപഞ്ജരബദ്ധം-*
*നീ വിഷാദിപ്പൂ പാരം, പാരതന്ത്ര്യത്തെച്ചൊല്ലി"*

"ജി"

പട്ടി പിന്നാലെ വരുന്നുവെന്നും തന്നെ അപ്പോൾ കടിക്കുമെന്നുമായിരുന്നു അയാളുടെ വിചാരം. ഓടുന്നതിനിടയിൽ മുണ്ടഴിഞ്ഞു. ഒരു കൈ കൊണ്ടു മുണ്ടും മറുകൈ കൊണ്ട് അരിക്കലമൊ ബും താങ്ങി ആൾ 'ഓടടാ ഓട്ടം'. കയ്യിലിരുന്ന ചില സമാനപ്പൊതികൾ കാണ്മാനില്ല. അവ പോയി തുലയട്ടെ. ഇവിടെ ജീവനാണ് പ്രാധാന്യം. ഇതിനിടെ അഴിഞ്ഞു വീണ മുണ്ട് തട്ടിത്തടഞ്ഞ് ഒരു വീഴ്ച. ലാമ്പിന്റെ ചില്ല് മുറിഞ്ഞ് തകർന്നുപോയി. ലൈററു കെട്ടുകയും ചെയ്തു. കൂരാക്കൂരിരുട്ട്. എല്ലാം പോയി തുലയട്ടെ, തന്റെ ജീവൻ കിട്ടിയാൽ മതിയെന്നുള്ള വിചാരത്താൽ നാണു വളരെ വേഗത്തിൽ പാഞ്ഞു. ഒരു കണക്കിൽ ആൾ വീട്ടിലെത്തിയെന്നേ പറയേണ്ടു. അന്നേരം അയാളുടെ അമ്മ: "എന്താ മോനേ നീ ഒന്നുടുക്കാണ്ടെ നില്ക്കണേ". അപ്പോഴാണ് താൻ പൂർണ്ണനഗ്നനാണെന്നു നാണുവിനു മനസ്സിലായതു്. വേഗം ചെന്ന് ഒരു മുണ്ട് എടുത്തുടുത്തു.

ഇപ്പോൾ നമ്മുടെ കഥയാരംഭിക്കേണ്ട സമയമായി. നാണുവിന്റെ കയ്യിൽ ഒരു ദിവസം ഒരാൾ ഒരെഴുത്ത് ചാണ്ടി മുതലാളിക്ക് കൊടുക്കാൻ പറഞ്ഞു കൊടുത്തു. അപ്പോൾ സന്ധ്യയാകാറായിരുന്നു. നാണു സംശയാലുവായി ചോദിച്ചു: "നാളെ നേരം വെളുത്തിട്ടു കൊടുത്താ പോരെ?"

ഉടനെ മറുപടി "പോര, ഇന്നു തന്നെ മറക്കാതെ ഏല്പിക്കണം" എന്നു പറഞ്ഞു. നാണു അന്ന് വീട്ടിൽ ചെല്ലുമ്പോൾ സമയം എട്ടു മണി കഴിഞ്ഞിരുന്നു. തന്റെ വീട്ടിൽ നിന്നും രണ്ടു ഫർലാങ്ങുണ്ട് ചാണ്ടി മുതലാളിയുടെ മാളികയിലേക്ക്. വീട്ടിൽച്ചെന്ന് അമ്മയോട് താൻ ചാണ്ടി മുതലാളിയുടെ വീട്ടിലേക്ക് ഒരെഴുത്തു കൊണ്ടു കൊടുക്കാൻ പോകയാണെന്നു പറഞ്ഞ് പടിയിറങ്ങി. അയാളുടെ അമ്മ വിളിച്ചു പറഞ്ഞു "മുതലാളീടെ വീട്ടിൽ ശീമനായുണ്ട് മോനേ. സൂക്ഷിച്ചു പോണേ!"

നാണുവിനും അതറിയാമായിരുന്നു. ഉള്ളിൽ അത്യധികം ഭയപ്പാടോടെയാണ് അയാൾ ചാണ്ടി മുതലാളിയുടെ പടിക്കലെത്തിയതു്. ഇരുമ്പു കൊണ്ടുള്ള ആ ഉയർന്ന ഗേററ് തുറന്നു തന്നെ കിടപ്പുണ്ട്. അത് കൃത്യം പത്തു മണിക്കേ പൂട്ടാറു പതിവുള്ളൂ. നാണു അല്പം അടിവിറയലോടെ മുതലാളിയുടെ ഭവനത്തോടടുത്തു തുടങ്ങി. ഗേററിൽനിന്നും കുറെയകലെയാണ് ഭവനം സ്ഥിതി ചെയ്യുന്നതു്. പെട്ടെന്നാണ് "ബൌ, ബൌ" എന്നു് പരിസരം മുഴക്കുമാറുള്ള അൽശേഷ്യന്റെ കുര കേട്ടതു്. താൻ നിന്നേടത്തു നിന്ന് നാണു രണ്ടു ചാട്ടം ചാടി. പെട്ടെന്നാണ് ഒരു സത്വം തന്റെ നേരെ അതിവേഗം നീങ്ങുന്നതു കണ്ടതു്. 'തന്റെ ജീവൻ പോകാറായി' എന്നു് നാണുവിനു തോന്നി. അപ്പോഴേക്കും ആ സത്വം നാണുവിന്റെ മുമ്പിലെത്തിക്കഴിഞ്ഞിരുന്നു. ഏതാണ്ടൽബോധാവസ്ഥയിൽ നാണു അതിന്റെ മേലെ വീണു. ആ സത്വം നാണുവിന്റെ അടിയിലായി. നാണുവിന്റെ കൈകൾ അതിനെ മുറുക്കി. പരമാവധി ശക്തിയെടുത്ത് നാണു അതിന്റെ വായ കൂട്ടിച്ചേർത്തമർത്തി. ഏതാണ്ട് പതിനഞ്ച് മിനുട്ടിലധികം നാണു ആ പിടുത്തം പിടിച്ചു. പിടുത്തം വിട്ടപ്പോൾ ആ സത്വം താഴെ വീണു. അതു് ചത്തു കഴിഞ്ഞിരുന്നു. "ചാണ്ടി മുതലാളിയുടെ അൽശേഷ്യനെ താൻ കൊന്നു കഴിഞ്ഞിരിക്കുന്നു. ഈ വിവരം മുതലാളിയറിഞ്ഞാൽ താൻ ജയിലിലാണു്." വിയപ്പിൽ മുങ്ങിക്കഴിഞ്ഞ നാണു തിരിഞ്ഞു നടന്നു. അയാൾ മുതലാളിയുടെ അടുത്തു പോകാൻ ധൈര്യപ്പെട്ടില്ല. അതു തന്നെയല്ല നായയുമായുള്ള മൽപ്പിടുത്തത്തിന്നിടയിൽ ആ എഴുത്തെവിടെപ്പോയെന്നും നാണുവിന്നറിഞ്ഞുകൂടാ. വീട്ടിൽ ചെന്നയുടനെ അമ്മ ചോദിച്ചു, "എഴുത്തു കൊടുത്തോ മോനേ?" എന്നു്.

നാണു കിതച്ചു കൊണ്ടു പറഞ്ഞു: "ഇല്ലമ്മേ. ഞാൻ മുതലാളിയുടെ നായയെ കൊന്നു. നായ കടിക്കാൻ വന്നപ്പോ ഞാൻ കൊന്നു. നാളെ ഞാൻ ജേലിലാ". ഇതും പറഞ്ഞ് നാണു ഒരു കുട്ടിയെപ്പോലെ കരയാൻ തുടങ്ങി. "മോനേ രണ്ടായാലും നേരം വെളുക്കട്ടെ. ഞാൻ മുതലാ

# വിരഹം

വി. കെ. പ്രകാശൻ II ബി. ഏ.

കാലത്തിൻ കൊട്ടങ്കാററി
　　ലകലാം സഖേ, നമ്മൾ
താവു, മിങ്ങെന്നാലുമെൻ
　　ഹൃദയത്തുടിപ്പുകൾ
അറിയാ, മാരെക്കാളും,
　　നിനക്കെൻ ഹൃദയത്തിൻ
നിറവും വൈരൂപ്യവും
　　ശക്തിയും ദൌർബ്ബല്യവും
വെറുതില്ല നീ മാത്ര
　　(മെന്തിനോ സ്നേഹിച്ച നീ)
മറക്കാനാവില്ല നീ
　　പകരും സ്മൃതികളെ!
ലോലമിച്ചില്ലിൽക്കൂടി
　　കാണ്മു ഞാൻ തോഴാ, നിൻെറ
രാജതപ്രഭ ചിന്നി!
　　യുയരും മുഖമെന്നും
വാക്കുകളില്ലിനിയില്ലെനി
　　ക്കോതുവാൻ മനസ്സിൻെറ-
പൂത്താലമർപ്പിക്കുന്നു,
കൈക്കൊൾക, നീ ഹൃദമ!

X　　X

ജീവിതസമുദ്രത്തി
　　ന്നലകൾ മുറിച്ചിതാ-
പോകകയായീ കളി
　　വഞ്ചി, യിതെങ്ങോട്ടാവോ!
കാലത്തിൻ കൊട്ടങ്കാററി
　　ലകന്നീടട്ടെ, മമ
ചേതനയുടെ സ്നിഗ്ദ്ധ
　　സ്പന്ദങ്ങൾ നീ കേൾപ്പില്ലേ?

ശ്വസിച്ചപ്പോൾ—അതു തന്റെ സഹോദരന്റേതാണെന്നറിഞ്ഞപ്പോൾ — സിരകളിലെ ചുടുരക്തം കൊണ്ടാമാംസത്തിനു പുനർജ്ജീവൻ നല്കാൻ — തന്റെ സഹോദരനുവേണ്ടി ആത്മാഹുതി നല്കുവാനവനു ഭയമില്ലാതായി. സംസ്കാരസമ്പന്നമായ ഭാരതീയഹൃദയങ്ങൾ സിംഹഹൃദയം കൈവരിച്ച് യുദ്ധക്കളത്തിലെ പടയാളികളായി രൂപം കൊണ്ടു.

സ്വാതന്ത്ര്യത്തിനെതിരായുള്ള ഏതൊരു ഭീഷണിക്കു മുൻപിലും ഭാരതീയർ ശിരസ്സു കുനിക്കുന്നതല്ല. ഏതു വൻശക്തികളെ നേരിടേണ്ടതായി വന്നു വെന്നാലും അതിനുള്ള ആത്മവീര്യം നമ്മളിലുണ്ടെന്നു് തെളിയിച്ചിരിക്കുന്ന ഈ കാലഘട്ടം മുതൽ ദേശീയോദ്ഗ്രഥനം എന്ന മഹൽകർത്തവ്യത്തിന്റെ സാക്ഷാത്ക്കാരത്തിനായി നാം കർമ്മരംഗത്തിറങ്ങണം. സന്ദർഭഗൌരവം കണക്കിലെടുത്തു് വാണിജ്യപ്രമുഖർ വ്യാജക്കച്ചവടം അവസാനിപ്പിക്കുക — ഉദ്യോഗസ്ഥമണ്ഡലങ്ങളിൽ അലസതാമനോഭാവം കൈവിടുക — തന്നെപ്പോലെ തന്റെ അയൽക്കാരനേയും കണക്കാക്കുക എന്ന തത്വം സർവ്വത്ര അംഗീകരിക്കുക, മനുഷ്യർ ഒന്നെന്ന ഗുണപാഠം പഠിപ്പിച്ച ഗുരുവര്യന്റെ പ്രവർത്തനങ്ങളെ മുന്നോട്ടു നയിക്കുക—ഇതാണു വേണ്ടതു്.

ഭാരതീയയുദ്ധതന്ത്രങ്ങളിൽ ഒരു പരിശോധന നടത്തിയ വർഗ്ഗവിഭാഗങ്ങൾക്കു് ആഘാതമേല്പിക്കുവാൻ നമുക്കു കഴിഞ്ഞെന്നുള്ളതിൽ കവിഞ്ഞ ആത്മാഭിമാനത്തിനു വകയുണ്ടെങ്കിലും നമുക്കു വന്നു കഴിഞ്ഞ നഷ്ടം സന്തോഷം നശിപ്പിക്കുവാൻ പര്യാപ്തമാണു്. മഹാഭാരതയുദ്ധത്തിനു് പടക്കളമൊരുക്കിയ ഭാരതത്തിലെ രണ്ടാമത്തെ കുരുക്ഷേത്രമൈതാനമായിരുന്നു ലാഹോർ മേഖലയെന്നു പറയുന്നതിൽ ആശ്ചര്യത്തിനു വകയുണ്ടാകയില്ല. സത്യവും അസത്യവും തമ്മിൽ നീതിയും അനീതിയും തമ്മിൽ ഗുണങ്ങളും ദോഷങ്ങളും തമ്മിൽ നടന്ന സജ്ജനദുർജ്ജനസംഘട്ടനമാണു്—ഭാരതയുദ്ധത്തിൽ കാണുന്നതു്. അതാണിവിടെ ആവർത്തിക്കപ്പെട്ടതും.

വൈവിദ്ധ്യം നിറഞ്ഞ ഭാരതീയജീവിതത്തിനു് ആദർശാധിഷ്ഠിതമായ ഒരു വ്യതിയാനം ഇന്നനിവാര്യമായിരിക്കയാണു്. ഭൂമുഖത്തെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രം എന്ന ഒരൊററ കാരണം കൊണ്ടു തന്നെ നമ്മിലർപ്പിതമായ കർത്തവ്യം തികച്ചും വിശാലമാണു്. ജനാധിപത്യതത്വസംഹിതയിൽ നാം ഉത്തമദൃഷ്ടാന്തമായി നിലകൊള്ളുകയാണു്. മനുഷ്യനും മനുഷ്യത്വത്തിനും പൂർണ്ണസ്വാതന്ത്ര്യം കൊടുത്തുകൊണ്ടു് മതേതരതത്വസംഹിത നാം അംഗീകരിച്ചിരിക്കയാണു്. ഭാരതാംബയുടെ ഹസ്തങ്ങൾ സൌഹൃദപൂത്തലത്തിൽ നിന്നും പുഷ്പപൂജ നടത്തി ലോകസമാധാനത്തിന്റെ രംഗപൂജക്കു് ഏതു നിമിഷത്തിലും തയ്യാറാണു്. ഒരേ മനസ്സ്—ഒരേ ഭാവം—ഒരേ ജീവിതം—ഒരേ കുടുംബം ഇതായിരിക്കണം ഭാരതീയന്റെ ചിന്താഗതി. രാഷ്ട്രപുനഃസംഘടനയിൽ താന്താങ്ങളുടെ പങ്കു വഹിക്കുവാൻ നാമിനിയും ഒരുമ്പെടാത്ത പക്ഷം വിനാശവിപത്തു വരുവാൻ അവസരം പാർക്കുകയാണെന്നോർമ്മിക്കണം. സാമുദായികമായ ദുരന്തചിന്തകൾ വിട്ടു് മനുഷ്യഹൃദയവും ജീവിതവും ഏതെന്നു മനസ്സിലാക്കിക്കൊണ്ടായിരിക്കണം നമ്മുടെ പ്രവൃത്തികളോരോന്നും. വിഭിന്നമതസ്ഥരും—വിഭിന്നചിന്താഗതിക്കാരും ഒന്നിച്ചുചേർന്നു് പുതിയൊരു ഭാരതീയ സംസ്ക്കാരം ആധുനികതക്കൊത്തുയർന്നുവരട്ടെ എന്നു നമുക്കാശിക്കാം—പ്രവർത്തിക്കാം. മാനസികമായ അടിമത്തവും ബുദ്ധിപരമായ ചാപല്യങ്ങളും മാനവരാശിയെ അധഃപതനത്തിലേക്കു് നയിക്കുമെങ്കിൽ ഉന്നതങ്ങളായ ചിന്താഗതികളും, നവംനവങ്ങളായ ആശയങ്ങളും നമുക്കു നന്മയിലേക്കുള്ള കവാടങ്ങളായിരിക്കും.

CHRIST COLLEGE LIBRARY
IRINJALAKUDA.

# REPUBLIC DAY



PRINCIPAL HOISTING THE NATIONAL FLAG



PRINCIPAL INSPECTING THE GUARD OF HONOUR

ടെ അണുശക്തിയും എടുക്കുന്നതിനെക്കുറിച്ചും, ഹൈഡ്രജൻ ബോംബിലുള്ള ഒരു അസംസ്കൃത വസ്തു എന്ന നിലയിൽ വെള്ളത്തെ ഉപയോഗപ്പെടുത്തുവാനുള്ള സാദ്ധ്യതകളെക്കുറിച്ചും അദ്ദേഹം പറഞ്ഞ ശാസ്ത്രസമ്മതവും സത്യനിഷ്ഠവുമായ കാര്യങ്ങൾ മററു ശാസ്ത്രജ്ഞന്മാരെ അത്ഭുതപ്പെടുത്തിക്കളഞ്ഞുവത്രെ!

ബോംബെയിലെ അണുശക്തി ഗവേഷണസ്ഥാപനവും, അതിന്റെ ഭാഗങ്ങളായ താരാപ്പൂരിലേയും രാജസ്ഥാനിലേയും അണുശക്തിസ്റ്റേഷനുകളും അദ്ദേഹത്തിന്റെ പ്രവർത്തനത്തിന്റെ മൂർത്തിമൽ ഭാവങ്ങളാണ്. അന്താരാഷ്ട്ര അണുശക്തി ഏജൻസിയുടെ ആരംഭം മുതൽ ഡോ. ഭാഭ അതുമായി ബന്ധപ്പെട്ടിരുന്നു. തുടർച്ചയായി അദ്ദേഹം അതിന്റെ ഭരണസമിതിയിലെ അംഗമായിരുന്നു. ഏജൻസിയുടെ ശാസ്ത്രീയ ഉപദേശകസമിതിയിലെ അംഗമെന്ന നിലയ്ക്കു് അദ്ദേഹം അതിന്റെ ശാസ്ത്രീയ പരിപാടികളുമായി ബന്ധപ്പെട്ടിരുന്നു. ഈ കമ്മിററിയുടെ ഒരു യോഗത്തിൽ പങ്കെടുക്കാൻ ന്യൂയോർക്കിലേയ്ക്കുള്ള യാത്രാ മദ്ധ്യേയാണ് അദ്ദേഹം അപമൃത്യുവിന്നിരയായതു്.

അണുശാസ്ത്രത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും അക്ഷീണം പ്രവർത്തിച്ച ഡോ. ഭാഭ ഭാരതത്തിന്റെ മാത്രമല്ല, ലോകത്തിന്റെയാകെ ആദരാഞ്ജലികൾ അർഹിക്കുന്നു. അദ്ദേഹം വെട്ടിത്തെളിയിച്ച ശാസ്ത്രത്തിന്റെ മാർഗ്ഗത്തിലൂടെ, സ്ഥിരപരിശ്രമത്തോടും, പതറാത്ത ബുദ്ധിവൈഭവത്തോടും കൂടി ഇന്നത്തെ യുവവിദ്യാർത്ഥികൾ മുന്നേറുകയാണെങ്കിൽ, അണുശാസ്ത്രത്തിന്റെ നന്മയ്ക്കും തിന്മയ്ക്കും ഉതകുന്ന വളർച്ചയിൽ ഇന്ത്യയ്ക്കു് ഗണ്യമായ ഒരു സ്ഥാനം ലോകരാഷ്ട്രങ്ങൾക്കിടയിൽ നിഷ്പ്രയാസം കൈവരിക്കുവാൻ സാധിക്കും. മഹാനായ ആ ശാസ്ത്രജ്ഞന്റെ ആത്മാവു് നമ്മെ അതിന്നനുഗ്രഹിക്കട്ടെ!


കല്ല്യാണ സാരികൾക്കും, ബിന്നി, ബെൻടക്സ്
സാരികൾക്കും, മററു എല്ലാ തുണിത്തരങ്ങൾക്കും

**എം. പി. ടെക്സ്റ്റയിൽസ്**

മാർക്കററ് & റാണാ ഇരിങ്ങാലക്കുട

PHONE NOS. { MARKET. 5. A.
Tana. 140.

ത്തോന്നിയേക്കാവുന്ന കൃതികൾ വിചാരശീലരായ സഹൃദയർക്ക് അമിതാനന്ദം പ്രദാനം ചെയ്യുന്നുവെന്നതു് ജി. യുടെ കവിതകളുടെ ശ്രദ്ധേയമായ ഒരു നേട്ടമാണ്. പ്രതിപാദ്യത്തിനു അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നതായിക്കാണാം.

ശ്രീ. കൈനിക്കര പത്മനാഭപിള്ളയുടെ ഭാഷയിൽപ്പറഞ്ഞാൽ "എഴുത്തച്ഛനിൽ ഉത്ഭവിച്ച് വള്ളത്തോളിൽക്കൂടി പ്രവഹിച്ച കേകയുടേയും കാകളിയുടേയും 'ഉത്തുംഗമൃദംഗദ്ധ്വനി' ശങ്കരക്കുറുപ്പിലും മുഴങ്ങിത്തങ്ങി നില്ക്കുന്നുണ്ടു്. വള്ളത്തോളിൽ നിന്നും ടാഗോറിൽ നിന്നും ഉറവെടുക്കുന്ന കാവ്യധാരകൾ അദ്ദേഹത്തിൽ ഒന്നിച്ചു ചേരുന്നു." ഉപനിഷത്തുകളിൽ നിന്നാണ് ജി. തനിക്കുവേണ്ട ഉത്തേജനം ഉൾക്കൊണ്ടിരുന്നതു്. പ്രത്യക്ഷങ്ങൾക്കും അപ്പുറം അത്യുജ്ജ്വലമായ കാവ്യഭാവനയുടേയും സൌന്ദര്യദർശനക്ഷമതയുടേയും അഭംഗുരമായ മേളനമാണ് ശങ്കരക്കുറുപ്പിന്റെ കവിതകളിൽ കാണുന്നതു്. പ്രകൃത്യുപാസകനായ ജി. മനോഹാരിത നിറഞ്ഞ അനേകം വാങ്മയചിത്രങ്ങൾ തന്റെ കവിതയിലൂടെ അനുവാചകർക്കു പ്രദാനം ചെയ്തിരിക്കുന്നു.

## ഭാഷയ്ക്കുള്ളിലെ ഭാഷ.

യോഗാത്മകാനുഭൂതികളെ പ്രതീകങ്ങളിലൂടെ മൂർത്തമായി ആവിഷ്ക്കരിക്കുന്ന നൂതന കാവ്യരീതി മലയാളത്തിനു നല്കി എന്ന ഒററക്കാരണത്താൽത്തന്നെ 'ജി' എന്ന കവി സവിശേഷം ശ്രദ്ധേയനായിരിക്കുന്നു. 'നിലാവായ നേരിയ സാരി ഇഴച്ച് ഒച്ച കൂടാതെ' വന്നെത്തുന്ന ചന്ദ്രക്കലയേയും 'തിരിഞ്ഞും മറിഞ്ഞും' കിടക്കുന്ന കടലിനേയും മററും വർണ്ണിക്കുമ്പോഴാണ് പ്രതീകങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ജി. ക്കുള്ള അസാമാന്യപാടവം ദൃശ്യമാകുന്നതു്. "ആ വിശുദ്ധമാം മുഗ്ദ്ധപുഷ്പത്തെ കണ്ടില്ലെങ്കിൽ ആ വിധം പരസ്പരം സ്നേഹിക്കാതിരുന്നെങ്കിൽ" എന്നിങ്ങനെയുള്ള വരികൾ അനുവാചകഹൃദയത്തിൽ അനശ്വരമായ അനുഭൂതി പ്രദാനം ചെയ്യുന്നു.

## സൂര്യകാന്തിയും ചെങ്കതിരും.

മനുഷ്യജീവിതവുമായി ഗാഢമായി ബന്ധപ്പെട്ടു കിടക്കുന്ന വികാരമാണല്ലോ പ്രേമം. നിഷ്കാമമായ പ്രേമത്തെ ചിത്രീകരിക്കുമ്പോഴും സാന്മാർഗ്ഗികാദർശങ്ങളെ മുൻനിറുത്തിക്കൊണ്ടാണ് അദ്ദേഹം കാവ്യരചന നടത്തിയിരുന്നതു്. ജിയുടെ സൂര്യകാന്തി ഇവിടെ മികച്ച ഉദാഹരണമാണ്. തന്റെ കാവ്യത്തിലുടനീളം ആത്മീയ പ്രേമത്തിന്റെ പരിപാവനതയെ ഉറക്കെ ഘോഷിക്കാനാണ് ജി. ആഗ്രഹിച്ചതു്. നിരങ്കുശപ്രേമം വിവേകശക്തിയുടെ നിഷേധമായിട്ടേ അദ്ദേഹത്തിനു കാണാൻ കഴിഞ്ഞുള്ളൂ. സമുദായത്തിലെ അസമത്വങ്ങൾക്കെതിരായി പാടുകയും, 'നാളെ'യുടെ ഉദയത്തെ നോക്കി ആഹ്ലാദിക്കുകയും ചെയ്യുന്ന ശങ്കരക്കുറുപ്പിനെ ചെങ്കതിർ തുടങ്ങിയ കാവ്യങ്ങളിൽ നാം കാണുന്നു.

മറെറാരു പ്രത്യേകത, അദ്ദേഹത്തിന്റെ കാവ്യങ്ങളിൽ കാവ്യകലാംശത്തിനു നല്കിയിട്ടുള്ള സമുന്നതമായ പദവിയാണ്. ഇക്കാര്യത്തിൽ ജി. യുടെ പ്രവണത ശ്ലാഘനീയം തന്നെ. ഇവയെല്ലാമുപരിയായി, സാർവ്വലൌകികമായ ഒരു ചിന്താഗതിയാണ് ജി. യുടെ കാവ്യഗതമായ സ്വാതന്ത്ര്യത്തിന്റെ പ്രധാന ഘടകം. ഇങ്ങനെ ജീവിതത്തിന്റെ എല്ലാ തുറകളിലും തന്റെ കാവ്യസമ്പത്തു വഴി അനല്പമായ സ്വാധീനം മാനവഹൃദയങ്ങളിൽ ചെലുത്താൻ ജി. ക്കു കഴിഞ്ഞു. അദ്ദേഹത്തിന്റെ വിജയത്തിന്റെ നിദാനവും ഇതു തന്നെ.

വിമർശനവിധേയരാകാത്ത ഒരൊററക്കവിപോലും ഇന്നുവരെ ജീവിച്ചിട്ടില്ല. ജി. ഒരപവാദമല്ല. അതിനിശിതമായ വിമർശനം അദ്ദേഹത്തിനു പലപ്പോഴും ഏല്ക്കേണ്ടി വന്നിട്ടുണ്ടു്. അദ്ദേഹമൊരു കവിയേയല്ല എന്നു വരെ ചില നിരൂപകന്മാർക്ക് അഭിപ്രായമുണ്ടു്. എന്നാൽ, "തളരാത്ത ശുഭാപ്തിവിശ്വാസം—കാല്പനികത്വ

വിനോദഭാവന

# "അപ്പോളോമാരുടെ ലോകത്തിലേയ്ക്കു്"

കെ. രഘുനാഥൻ III B. Com.

ഒരു യാത്രയുടെ കഥ ആരംഭിക്കുന്നു. എഴുന്നേററപ്പോൾ നേരം വളരെ വൈകിയെന്നു് തോന്നി. ക്ലോക്കിലേക്കു് നോക്കി. സമയം ഏഴു് പതിനഞ്ചു്. വൈകിയിരിക്കുന്നു. 'സുന്ദരന്മാ'രുടെ ലോകത്തേക്കു് പോകേണ്ട സമയമാകുന്നു. ഇനി ധൃതിയിൽ വേണം പ്രഭാത പരിപാടികൾ.

കുളിക്കണോ? പുതിയ പ്രശ്നം ഉദിക്കുന്നു. "കുളിപ്പാ വിസ്തിതംകാണിക്കാതെ. സമയം വളരെ വൈകിയിരിക്കുന്നു. കുളി എന്ന പദം 'സുന്ദരന്മാ'രുടെ നിഘണ്ടുവിലില്ലെന്നു് ഒന്നോർത്തോളൂ." ഉപബോധമനസ്സെന്ന വികൃതി ഉപദേശിച്ചു.

ശരിയാണു്. സുന്ദരന്മാരുടെ ലോകത്തിലെ ഒരംഗമാണു് ഞാനെന്ന കാര്യം മറന്നുപോകുന്നു. സുന്ദരന്മാരല്ലെങ്കിലും സുന്ദരന്മാരെന്നു് അവർ ഭാവിക്കുന്നു. വൃത്തിയെന്ന പദം അവിടെയില്ല. തലയിൽ ഹെയർ ഓയിൽ പുരട്ടി. കഴുത്തിലും മുഖത്തും എല്ലാം പൌഡറിട്ടു. വിയർപ്പു് ഗന്ധം കുറഞ്ഞു.

ഭക്ഷ്യപദാർത്ഥങ്ങൾ അകത്താക്കി. സമയം ഏഴു് നാല്പതു്. ഗ്രീൻറൂമിൽ കയറി. പുറത്തിറങ്ങിയപ്പോൾ സമയം എട്ടു് ഇരുപതു്. മാധവൻകുട്ടിയെന്നു് നാമം വഹിക്കുന്ന ഞാൻ പുറത്തിറങ്ങി.

നല്ല തണുപ്പു് തോന്നി. എട്ടു് ഇരുപതായിട്ടും മഞ്ഞു് മുഴുവനും വിട്ടിട്ടില്ല. അപ്പൻ തമ്പുരാൻെറ 'അന്നത്തെ മലനാടി'നെ അനുസ്മരിപ്പിക്കുന്നതാണു് ഉമ്മറത്തെ ഇടവഴി. എങ്കിലും ധൃതിയിൽ നടന്നു. ഉയർന്നു് വളർന്നു് നില്ക്കുന്ന കൈതോലയിൽ നിന്നു് ഒരു മഞ്ഞിൻ തുള്ളി എൻെറ നെററിയിൽ വീണു് കീഴോട്ടു് ഒഴുകി. ഒരു കണ്ണീർകണം മാതിരി. പൌഡറിട്ട മുഖത്തു് ഒരു പാടു് സൃഷ്ടിച്ചുവെന്നു് തോന്നുന്നു, ആ വികൃതി.

ഇടവഴി കഴിഞ്ഞു് നീണ്ടു കിടക്കുന്ന വയൽവരമ്പത്തു കൂടിയായി യാത്ര. നെല്ലോലകളിൽ തങ്ങി നില്ക്കുന്ന മഞ്ഞിൻ തുള്ളികൾ വൈരമുത്തുകളെ പോലെ സൂര്യപ്രകാശത്തിൽ വെട്ടിത്തിളങ്ങി.

റോട്ടിലെത്തി. പണ്ടത്തെ മണപ്പുറത്തിൻെറ ഛായ അപ്പാടെ മാറിയിരിക്കുന്നു. ഒരു കൊച്ചു പട്ടണത്തിൻെറ ഭാവമുണ്ടു്.

ഹിന്ദിവിദ്യാലയമെന്നെഴുതിയിരിക്കുന്ന വലിയ ബോർഡിൻെറ പിന്നിൽ ആറു കണ്ണുകൾ റോട്ടിൽ പോകുന്നവരുടെ സെൻസസു് എടുക്കുവാനെന്ന മട്ടിൽ നോക്കി നില്ക്കുന്നതു കണ്ടു. വിദ്യാർത്ഥിനികളുടേതായിരിക്കണം. ആരാണെന്നന്വേഷിക്കാൻ പോയില്ല.

കുററിലക്കടവു് റോട്ടിലേക്കു് തിരിഞ്ഞു. പ്രൈമറി സ്കൂളിൻെറ പാർശ്വത്തിലൂടെ നടന്നപ്പോൾ ചിന്തകൾ ബാല്യകാലത്തിലേക്കു് പറന്നു. വീണ്ടുമൊന്നു് തിരിഞ്ഞു നോക്കി. ഒരു പിഞ്ചുപൈതലിൻെറ നിഷ്കളങ്കഭാവത്തോടെ സ്കൂൾ കിടന്നുറങ്ങുന്നു.

കാലുകൾക്കു് വേഗത കൂടി. പാലത്തിൻെറയടുക്കൽ വരെയെത്തി. " അപ്പോഴാണു് പിന്നിൽ നിന്നൊരു ശബ്ദം. "ഏയ് സാറെ ഒന്നു് നിന്നേ." ഞാൻ തിരിഞ്ഞു നോക്കി. ഇഴുകിത്താഴേക്കിറങ്ങുന്ന ട്രൗസർ വലിച്ചു കേററി,

"ഇവിടെ മലവെള്ളമൊന്നുമില്ലല്ലോ, ഇങ്ങോട്ട്?" ഗൌരവത്തിലുള്ള ചോദ്യം എന്നെ ആകെ വിറപ്പിച്ചു. അപ്പോഴാണ് നോക്കിയത്, മുണ്ടപ്പുറം മടക്കിക്കുത്തിയിരിക്കുകയാണ്. വേഗം അഴിച്ചിട്ടു; ഉത്തരമൊന്നും പറഞ്ഞില്ല.

"ഇതൊരു സ്കൂളാ, ചന്തയൊന്നുമല്ല. അതനുസരിച്ചു പെരുമാറിയില്ലെങ്കിൽ ഡിസ് കെട്ടതൊരു വിശേഷണ്ട് വീഴും. മനസ്സിലായോ." ഉവ്വെന്നോ ഇല്ലെന്നോ പറഞ്ഞില്ല. കണ്ണിൽ നിന്ന് വെള്ളം വന്നു തുടങ്ങി. ഒരു വിധത്തിൽ അവിടെ നിന്ന് രക്ഷപ്പെട്ടു. എന്നാൽ ഹൈസ്കൂൾ വിടുമ്പോഴും, ഇന്നും, എന്നും, ബഹുമാനത്തോടു കൂടി മാത്രമേ അദ്ദേഹത്തെ ഓർമ്മിക്കാൻ കഴിയുന്നുള്ളൂ. (ഇക്കൊല്ലം അദ്ദേഹം പിരിയുകയാണെന്നു കേട്ടു. അദ്ദേഹത്തിന് നല്ലതു വരുത്തണേ എന്ന് ഞാൻ ദൈവത്തോട് പ്രാർത്ഥിക്കുന്നു.)

സോമൻ ഇടവിടാതെ സംസാരിച്ചു കൊണ്ടിരുന്നു; എല്ലാററിനും ഞാൻ മൂളി. ഹൈസ്കൂളും കഴിഞ്ഞ് കനോലിക്കനാലിന്റെ തീരത്തെത്താറായി. പുഴയിൽ നിന്നുള്ള തോടുകളാണ് അവിടെ മുഴുവനും; അതു കടക്കാനുള്ള ഒററപ്പാലങ്ങളും. സർക്കസ്സുകളിക്കാരെപ്പോലെയാണ് അതിലൂടെയുള്ള യാത്ര.

കുറച്ചു മുമ്പിലായി ചാരനിറമുള്ള കോളേജ് പ്രാവുകൾ പതുക്കെ തെന്നിത്തെന്നിപ്പോകുന്നതു കണ്ടു. സമയം അവർക്കൊത്ത് നീങ്ങണം എന്ന മട്ടിലാണ് പോക്ക്. മൊത്തം എണ്ണം ആറ്. എങ്കിലും രണ്ടു ഭാഗമായാണ് ഗമനം. മുമ്പിൽ മൂന്ന് കൊച്ചു പിള്ളരാണ്. അമ്മയുടെ ഒക്കത്തു നിന്ന് സൂത്രത്തിൽ ചാടിപ്പോന്ന്, പിടി കൊടുക്കാതെ ഓടിപ്പോകുന്ന ഭാവമുണ്ട് അവരുടെ മുഖത്ത്. കുറച്ച് പിന്നിലാണ് മേജർ സെററ്. എന്തൊക്കെയോ മറയ്ക്കാനും, രഹസ്യം പറയാനുമുണ്ടെന്ന മട്ടിലാണ് അവരുടെ ഭാവം.

തോടെല്ലാം കഴിഞ്ഞ് ഒരു പാടത്തിന്റെ ചിറയിൽ കൂടിയാണ് യാത്ര. തൊട്ടു മുമ്പിൽ മേജർ സെററ്. ചിറ മുഴുവനും പൊലികൾ കൂട്ടിയിരിക്കുകയാണ്. അതിന്നിടയിലൂടെ ചാഞ്ഞും വളഞ്ഞും തിരിഞ്ഞും വേണം നടക്കാൻ. രാത്രിയോ മറേറാ ആണ് ഇതിലേ പോകുന്നതെങ്കിൽ, പല്ലു പെറുക്കാൻ ഒരാൾകൂടി പിന്നിൽ വേണം.

മേജർ സെററ് വഴി തന്നെ ലക്ഷ്യമൊന്നുമില്ല; എന്നാൽ സംഭാഷണം അവിരാമമായി നടന്നു കൊണ്ടുമിരുന്നു.

"അമ്മ്യാന്റെ ഇയാളെ, മല്ലികപ്പൂച്ചിട്ട് ഒരു സാരിയുടുത്തിട്ടുണ്ട്. അതിന് 'മാച്ചാ'യി ഒരു ജാക്കററും. മീററിന് ഇരുപത്തഞ്ചുറുപ്പിക!" മണി എന്ന കോളേജ് പ്രാവ് പറഞ്ഞു.

"ചുവപ്പാണോ കളറ്?" കുമാരി ആകാംക്ഷാഭരിതയായി. പിന്നിൽ കിടന്ന തലമുടിയെടുത്ത് മുന്നിലേയ്ക്കിട്ടു; സംഭാഷണത്തിന്റെ പിരിമുറുക്കം കൊണ്ടായിരിക്കണം.

"അതെന്ന്! കടും ചുവപ്പ്!" തല നിവർത്തിപ്പിടിച്ചുകൊണ്ട് മണി പറഞ്ഞു.

"ജാക്കററോ?" നിശ്ശബ്ദയായി നടന്നിരുന്ന ഏലിയാമ്മയ്ക്കു് ചോദിയ്ക്കാതിരിക്കാൻ കഴിഞ്ഞില്ല.

"പിന്നല്ലാ! അതെ കളി. ചുവന്ന സാരി, ചുവന്ന ജാക്കററ്. ചുവന്ന സ്ട്രാപ്പുള്ള ഒരു ചെരിപ്പ്. ചുവന്ന 'ലേസും'."

"എന്തു വീട്ടുപ്പിള്ളേ"യിലും സരോജാദേവിടെ ഡ്രസ്സ് ഇങ്ങിനൊന്ന്യാ." ചെവിയ്ക്കുതി കൈക്കിടക്കുന്ന തലമുടിയെ കുനിരയാക്കാൻ വേണ്ടിക്കശക്കുന്ന പണിയിൽ ഏർപ്പെട്ടിരിക്കുന്ന കുമാരി തന്റെ വിദഗ്ദ്ധാഭിപ്രായം പറഞ്ഞു.

അപ്പോഴേയ്ക്കും പൊലികളെല്ലാം കഴിഞ്ഞു. ഞങ്ങൾ ഒരുവിധം അവരെയും പിന്നിട്ട് നടന്നു.

പുഴയുടെ ഓരത്തിലൂടെ നടന്നപ്പോൾ സൂര്യപ്രകാശത്തിന്റെ ശക്തി കൂടിയിട്ടുണ്ടെന്ന് തോന്നി. പുഴ മുഴുവൻ ഒരു തരം ചണ്ടികളെ കൊണ്ട് നിറഞ്ഞിരിക്കുന്നു. ദൈവം തമ്പുരാൻ നീട്ടിയെറിഞ്ഞ ഒരു മഞ്ഞ പട്ടുടയാട



PRINCIPAL UNVEILING THE STATUE OF Pt. JAWAHARLAL NEHRU IN OUR GARDEN



THE ARCHITECT OF MODERN INDIA.



SRI. T. V. GEORGE INTRODUCING THE MEMBERS OF VOLUNTEER CORPS TO THE PRINCIPAL

മുക്കിയും മൂളിയും ബസ്സെത്തി. ശബ്ദങ്ങൾ ഉയൻ്റു, കൂലിക്കാരുടെ ശബ്ദം—സുന്ദരന്മാരുടെ ശബ്ദം — സുന്ദരിമാരുടെ ശബ്ദം—പൊതുജനത്തിൻെറ ശബ്ദം.

·തിക്കം തിരക്കമായി. കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന മട്ടിലായി സ്ഥിതി. എന്നാലും കയറി. മുമ്പിൽ തന്നെ സ്ഥലം കിട്ടി. തൊട്ടു മുൻപിലെ സീററിൽ അമ്മ്യാരും കുമാരിയും മണിയും ഏലിയാമ്മയുമുണ്ട്.

"മല്ലിക ടീച്ചർ ഫോണിയിൽ നിന്നു് വീണ് മോറെല്ലാം പൊട്ടി" അമ്മ്യാർ കൂട്ടുകാരികളെയറിയിച്ചു.

"ഇപ്പോ മോത്തു് മുഴുവനും ഒട്ടിച്ചേക്കാ" കുമാരി സ്ഥിരീകരിച്ചു.

"അതിൻെറ ഭാവം കൊണ്ടാ അങ്ങിനെ പററീതു്. അയ്യോ എന്തൊരു ഭാവാണ്ൻെറ കുട്ടി. ഒരു 'എല്ലൻ'!" എന്നായി മണി.

ഇതിന്നിടയ്ക്കു വണ്ടി വിട്ടു. ആളുകളെ കുത്തി നിറച്ചിട്ടുണ്ട്. എടതിരിഞ്ഞി പോസ്റ്റാഫീസിന്നവിടെ കേറാൻ നില്ക്കുന്ന ആളുകൾ മുപ്പതിൽ കൂടുതലുണ്ട്.

"എൻെറ കർത്താവെ, ഇതെവിടെക്കൊണ്ടു് കേററാൻ?" ഒരപ്പാപ്പൻ മനം നൊന്തു് പറഞ്ഞു. മററു പലരും പിറുപിറുത്തു.

"എല്ലാവരും ആ സീററുകളുടെ ഇടയിലൊന്നു് കേറി നില്ക്കു്; അപ്പാപ്പൻ ആ ചാക്ക് സീററിൻെറ അടിയിൽ വെച്ചു് ഒന്നു കേറിയുന്നേ." ചെക്കർ കുഞ്ഞാലി ഒരു പ്രഖ്യാപനം നടത്തി.

"ഇനി എമ്പടക്കാണ്ടാ, നിൻെറ ഉപ്പാൻെറട്ടത്തക്കാ; ഞങ്ങള് നീങ്ങണതു്?" സംസ്ക്കാരസമ്പന്നനായ ഒരു പൊതുജനം തൻെറ ധൈര്യം വെളിപ്പെടുത്തി.

"ഫുട് ബോഡിമേൽ ഒരാളും നില്പാൻ പാടില്ല." പുതിയ റിക്രൂട്ടായ കണ്ടക്ടർ പ്രഭാകരൻ ഖണ്ഡിതമായിപ്പറഞ്ഞു.

"എന്നാൽ ബസ്സ് പോവൂന്നു് തോന്നുന്നില്ല." തങ്ങളുടെ അവകാശത്തെ ചോദ്യം ചെയ്യുവെന്നു് തോന്നിയ സുന്ദരന്മാർ ഒരുമിച്ചു പറഞ്ഞു. ഒട്ടിക്കിടക്കുന്ന പാൻറ്സ്, സ്ലിപ്പർ, ഹുക്കിട്ട ഷർട്ട്, മീതെ തെളിഞ്ഞു കാണുന്ന ഒരു ബെൽട്ട്, രൂപം പണ്ടത്തെ പൂർവ്വികന്മാരെ അനുസ്മരിപ്പിക്കുന്നതായിരുന്നു. ബെൽട്ടിൽ ഒരു വള്ളി കോർത്തു് 'ടേയ് ചാടടാ കുഞ്ഞിരാമ ചാട്' എന്നു് പറയാൻ ഒരാളുണ്ടെങ്കിൽ ഇപ്പോൾ ചാടുമെന്നു് തോന്നും.

അന്തരീക്ഷം കലുഷമായി. ബസ്സ് വിടുകയില്ലെന്ന മട്ടായി. ശുക്കം വിളിയും ഉജാറായി. ഒടുവിൽ കണ്ടക്ടർ കീഴടങ്ങി. പിന്നിലത്തെ കോണിയിന്മേൽ കൂടി പിള്ളർ കയറി. ചില സുന്ദരന്മാർക്ക് സുന്ദരിമാരുടെ കൂട്ടത്തിലേയ്ക്കു നുഴഞ്ഞു കയറുവാൻ തിടുക്കമായി.

തൻെറ സിംഹാസനത്തിനു് ചുററും സുന്ദരിമാരെ നിർത്തി കട്ടംബ്രേക്കും സഡൻ ബ്രേക്കും ചവുട്ടി ഡ്രൈവർ പപ്പു കളം തകർത്തു.

ഗേററ്സ് സ്റ്റോപ്പ് കഴിഞ്ഞപ്പോൾ തിരക്കൊന്നൊഴിഞ്ഞു. ഇതിന്നിടയിൽ ചില വിരുതന്മാർ 'കുമാരിയമ്മ്യാർ' പ്രഭൃതികളുടെ കേശഭാരത്തിൽ ഒരു 'കാജാബീഡിയജ്ഞം' നടത്തി. ചന്തക്കുന്നിൽ 'സുന്ദരി'മാർ ഇറങ്ങി; ചിലർ കാജാബീഡിയും ചൂടിക്കൊണ്ടു്. കുമാരിയുടെ തലയിലുള്ള 'കാജാബീഡി'യെന്ന കേശാലങ്കാരം പെട്ടെന്നു താഴെ വീണു. ഒരുത്തൻ അതെടുത്തു് കത്തിച്ചു് ഊന്നി വലിച്ചു. "മോശം" ഒരാൾ പറഞ്ഞു.

"ഒരു മോശോല്ല്യ. ഇതിനൊക്കൊരു യോഗം വേണം." എന്നായി ആ സുന്ദരൻ.

ഠാണാവിൽ നിന്നു് അരിച്ചരിച്ചിറങ്ങുന്ന കോളേജ് പ്രാവുകൾ റോട്ടിൽ നിറങ്ങളുടെ ഒരു പ്രളയം സൃഷ്ടിച്ചു. അവരുടെ പുറകെ വടക്കോട്ടു് പോകേണ്ടുന്ന സുന്ദരന്മാർ ചൂളം വിളികളുമായി തെക്കോട്ടു് തീർത്ഥാടനം നടത്തുന്നു.

ഠാണാവിൽ പൊതുജനങ്ങൾ മിക്കവാറും ഇറങ്ങി. കട്ടംബ്രേക്കും സഡൻ ബ്രേക്കുമില്ലാതെ 'സുന്ദരന്മാരുടെ ലോക'ത്തിലേക്ക് ബസ്സ് യാത്ര തുടൻ്റു. ബസ്സ് പടിവാതില്ക്കലെത്താറായി. ഒരു വശത്തു് അരിച്ചരിച്ചു് നീങ്ങുന്ന 'കാട്ടൂർ

# വേദനയുടെ ശബ്ദം

എ. എസ്. നാരായണൻ.

*[തൃശ്ശൂർ റോട്ടറി ക്ലബ്ബ് നടത്തിയ കവിതാരചനാമത്സരത്തിൽ ഒന്നാം സമ്മാനം നേടിയത്]*

“എത്ര പൂ, വാടിപ്പോക-
    ന്നൊന്നു ഞാനെടുത്തതി-
ലിത്ര നഷ്ടമോ?—മേലിൽ
    തെററു പററില്ലാ സത്യം!....”
ഓമനേ കഥിച്ചു നീ;
    വേദന ശബ്ദത്തിലും
കോമളാകാരത്തിലും
    തങ്ങി നിന്നിരുന്നല്ലോ....
ഇന്നലെസ്സായംസന്ധ്യ
    ചിത്രവേലകൾ ചെയ്യേ
വന്നു നീ, ശ്രീകോവിലിൻ
    മുന്നിൽ ദേവനെത്തൊഴാൻ.
മൂകത മുററും ചുററ-
    മ്പലത്തിൻ മൂലയ്ക്കിരു-
ന്നേകനായ് തീർപ്പൂ മാല
    യത്താഴപ്പൂജയ്ക്കായ് ഞാൻ....
ചമ്പകപ്പൂവാ, ണുള്ളിൽ
    ചിരിച്ചൂ; നിനക്കതിൽ
കമ്പമാണല്ലോ! വന്നൊ-
    ന്നെടുത്തു ചോദിയ്ക്കാതെ
ത്തുമ്പല്ലും മടങ്ങി, നീ-
    ങ്ങിടത്തൂന്നാക്കം കണ്ണി
ന്നിമ്പമേകുമാകരിം-
    വേണിയിൽ ചൂടീടവേ,........
തെല്ലു ഗർവ്വിതനായി-
    ഞാനഭിനയിച്ചെന്തോ

# ജനാധിപത്യദർശനം

കെ. ആർ. വേണുഗോപാലൻ I P. D. C.

### എന്താണ് ജനാധിപത്യം?

ജനതയുടെ ആവശ്യങ്ങൾ നിറവേററുന്നതിനുതകുന്ന ഒരു രാഷ്ട്രമീമാംസയത്രെ ഡെമോക്രസി—അബ്രഹാം ലിങ്കൺ ഒരിക്കൽ പറയുകയുണ്ടായി—മുഴുവൻ ജനതയുടെയും സുഖത്തിനുവേണ്ടി, മുഴുവൻ ജനതയുടെ കാര്യനിർവ്വഹണത്തെ ആശ്രയിച്ചിരിക്കുന്ന ജനതയുടെ ഭരണമാണ് ജനാധിപത്യഭരണം. വേറെയൊരവസരത്തിൽ അദ്ദേഹം ഇങ്ങിനെ പറയുകയുണ്ടായി: "ഒരു അടിമയാകാൻ എനിക്കിഷ്ടമില്ലാത്തതുപോലെ തന്നെ ഒരു ഉടമയാകാനും ഞാൻ ആഗ്രഹിക്കുന്നില്ല." ഇതിൽ ഭിന്നമായതു് ജനാധിപത്യമേ ആകുന്നില്ല. പ്രജകളുടെ ഭരണം പ്രജകളുടെ ക്ഷേമത്തിനു വേണ്ടിയാണ് വിനിയോഗിക്കേണ്ടതു്. ജനങ്ങൾ ഒരേ സമയത്തു് പ്രജകളും ഭരണാധികാരികളും ആണ്. യഥാർത്ഥ ജനായത്തഭരണത്തിൽ സമത്വം മാത്രമല്ല ശരിയായ നീതിയും ഉണ്ടായിരിക്കണം. വിദ്യാഭ്യാസം പാടില്ലെങ്കിലും പിന്നോക്കം നില്ക്കുന്ന ജനവിഭാഗങ്ങളെ ഉയർത്തേണ്ടതു് ഒരു ജനാധിപത്യരാഷ്ട്രത്തിന്റെ ചുമതലയാണ്. ചിന്ത, വിശ്വാസം, മതം, ആരാധന എന്നിവയിൽ സ്വാതന്ത്ര്യം ഒരു ജനാധിപത്യരാഷ്ട്രത്തിൽ ഉണ്ടായിരിക്കണം. അവരവരുടെ അഭിപ്രായങ്ങൾ വ്യക്തമാക്കാനുള്ള അവകാശം ഉണ്ടായിരിക്കേണ്ടതാണ്.

ജനാധിപത്യവിജയം ചില അടിസ്ഥാന തത്വങ്ങളെ ആശ്രയിച്ചാണിരിക്കുന്നതു്. സ്വാതന്ത്ര്യം, സമത്വം, അവകാശപ്രഖ്യാപനരേഖ, ഭരണഘടന, നിയമസഭ, നിർവ്വാഹകസംഘം, നീതിന്യായവിഭാഗം, പാർട്ടി സമ്പ്രദായം, ജനാഭിലാഷ പ്രകടനം ഇവയെല്ലാം ജനാധിപത്യത്തിന്റെ പ്രധാന തത്വങ്ങളാണ്.

### സ്വാതന്ത്ര്യത്തിന്റെ പരിധി.

സ്വാതന്ത്ര്യത്തിനു് ഫ്രഡറിക് എഞ്ചൽസ് നല്കുന്ന നിർവ്വചനം "ആവശ്യകത തന്നെ സ്വാതന്ത്ര്യം" എന്നാണ്. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അമിതവാദങ്ങളുടെ അനാശാസ്യഫലങ്ങളെക്കുറിച്ച് ദീർഘദൃക്കായ ലെയോ പതിമൂന്നാമൻ 1888-ൽ മുന്നറിയിപ്പു നല്കിയിട്ടുണ്ട്. "ഓരോരുത്തരും അവരവരുടെ ഇഷ്ടമനുസരിച്ചു മാത്രം പ്രവർത്തിക്കുന്ന പക്ഷം അതു് അസമാധാനത്തിനും കലാപത്തിനും രാഷ്ട്രത്തിന്റെ വിനാശത്തിനും കാരണമായിത്തീരുന്നതിനാൽ മനുഷ്യസമുദായത്തിന്റെ യഥാർത്ഥസ്വാതന്ത്ര്യം അടങ്ങിയിരിക്കുന്നതു് അതിലല്ല.......അന്യായവും സ്വേച്ഛാനുസാരവുമായ നിയമങ്ങൾക്ക് ഭരണീയരെ വിധേയരാക്കുവാനുള്ള ഭരണാധികാരിയുടെ ശക്തിയിലുമല്ല യഥാർത്ഥസ്വാതന്ത്ര്യം സ്ഥിതി ചെയ്യുന്നതു്. ഈ രണ്ടു സിദ്ധാന്തങ്ങളും അക്രമപരവും രാജ്യത്തിന്റെ ഭദ്രതയ്ക്കു ഹാനികരവുമാണ്." സ്വായത്തമായ അധികാരങ്ങളാണ് സ്വാതന്ത്ര്യം. അതായതു്, ചെയ്യേണ്ടതു് ചെയ്യുന്നതിനുള്ള അവകാശമാണ് സ്വാതന്ത്ര്യം.

സ്വാതന്ത്ര്യത്തെ നാലു പ്രധാന തരമാക്കാം.

1. പൌരസ്വാതന്ത്ര്യം:— ഒരു ജനാധിപത്യരാഷ്ട്രത്തിൽ പൌരന്മാർക്കാണ് പ്രാധാന്യം. ഒരു പൌരന്റെ ജീവനും സ്വത്തും സംരക്ഷിക്കുവാൻ അവനു് അധികാരമുണ്ടാകേണ്ടതാണ്. അങ്ങനെ പൌരന്റെ വ്യക്തിത്വം വ്യക്തമായി പ്രകാശിപ്പിക്കാൻ സന്ദർഭം ഉണ്ടായിരിക്കേണ്ടതാണ്.

മനുഷ്യാവകാശപ്രഖ്യാപനത്തിൻെറ ആമുഖത്തിൽ — മുൻകാലങ്ങളിൽ മാനുഷികമൂല്യങ്ങളെയും മനുഷ്യാവകാശങ്ങളെയും അവഗണിക്കുകയും അവയെ അവജ്ഞയോടെ തിരസ്ക്കരിക്കുകയും ചെയ്തതിൻെറ ഫലമായി മനുഷ്യരാശിയുടെ ധമ്മബോധത്തെ അപമാനിക്കുന്ന അപരിഷ്കൃതകൃത്യങ്ങൾ ധാരാളം നടന്നിട്ടുണ്ടെന്നും മേലാൽ അപ്രകാരമുള്ള സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും ലോകത്തിലേതു ഭാഗത്തു നിവസിക്കുന്ന മനുഷ്യനും ഭയവും പട്ടിണിയും കൂടാതെ അഭിപ്രായസ്വാതന്ത്ര്യത്തോടും വിശ്വാസത്തോടും കൂടി സന്തുഷ്ടരായി ജീവിക്കുന്നതിനും ഈ സാവ്വത്രികമായ മനുഷ്യാവകാശപ്രഖ്യാപനം ചെയ്യുന്നതാണെന്നും അതിലെ തത്വങ്ങൾ എല്ലാ രാജ്യങ്ങളും അനുകരിച്ച് താന്താങ്ങളുടെ രാജ്യത്തിൽ നടപ്പാക്കണമെന്നും മററുമാണ്— പറഞ്ഞിട്ടുള്ളത്. ഭരണഘടനയോടു കൂടി പൌരാവകാശങ്ങൾ പ്രഖ്യാപിക്കുന്ന രേഖയും ആവശ്യമാണ്. വിദ്യാഭ്യാസത്തിനും, സംസ്ക്കാരത്തിനും, സമാധാനജീവിതത്തിനും ഉള്ള അവകാശവും തൊഴിലിനു ശരിയായ കൂലിയ്ക്കും ഉള്ള അവകാശം ജനാധിപത്യരാഷ്ട്രത്തിൽ ഉണ്ടായിരിക്കണം. ശാരീരികസ്വാതന്ത്ര്യവും രാഷ്ട്രീയസ്വാതന്ത്ര്യവും മററും ഈ രേഖയിൽ പ്രതിപാദിച്ചിരിക്കും. ഈ അവകാശങ്ങൾക്കു പുറമേ ഉത്തരവാദിത്വങ്ങളും പൌരനുണ്ട്.

### ഭരണകൂടം.

സക്കാർ, ജനാധിപത്യരാഷ്ട്രത്തിൻ ഭരണം നടത്തുന്നതിനു കൂടിയേ കഴിയൂ. ജനങ്ങൾക്കെല്ലാവക്കും കൂടി ഭരണകായ്യങ്ങൾ നിവ്വഹിക്കാൻ സാദ്ധ്യമല്ലാത്തതു കൊണ്ട് ജനങ്ങൾ തിരഞ്ഞെടുക്കുന്ന പ്രതിനിധികളോ, കുറച്ചു വ്യക്തികളോ, ഒരു വ്യക്തിയോ ആണ് ഭരണം നടത്തുന്നതു്. ജനങ്ങളുടെ തൃപ്തിയുണ്ടായിരിക്കുന്നിടത്തോളം കാലം ഭരിക്കാൻ കഴിയുന്നതാണ്. അധികാരസ്ഥാനങ്ങൾ പാരമ്പയ്യങ്ങളല്ല. വ്യക്തികാര്യനിവ്വഹണം നടത്തുന്ന സക്കാരിനെ 'പ്രസിഡൻഷ്യൽ സക്കാർ' എന്നു പറയുന്നു. അമേരിക്കയിൽ ഈ തരത്തിലുള്ളതാണ്. പ്രസിഡൻറിനു് ഉപദേശകന്മാരെ തിരഞ്ഞെടുത്തു് നിയമിക്കാൻ തുടങ്ങി മിയ്ക്ക അധികാരങ്ങളും ഉണ്ട്. എന്നാൽ പ്രതിനിധികളിൽ നിന്നു് നിയന്ത്രണത്തിനു വിധേയനാണ്. കുറച്ചു വ്യക്തികൾ ഭരണം നടത്തുന്ന സമ്പ്രദായത്തെ 'പാർലിമെൻററി സക്കാർ' എന്നു പറയും. ഇന്ത്യയിലും ഇംഗ്ലണ്ടിലും പല രാജ്യങ്ങളിലും ഈ സമ്പ്രദായമാണ്. ഈ സമ്പ്രദായപ്രകാരം ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ഒരു പ്രധാനമന്ത്രിയേയും അദ്ദേഹം സഹമന്ത്രിമാരേയും നിയമിക്കുന്നു. ഈ മന്ത്രിസഭ പ്രതിനിധികളുടെ ഇംഗിതത്തിന്നനുസരിച്ച് ഭരണം നടത്തുന്നു. ഭൂരിപക്ഷം പ്രതിനിധികൾക്കും മന്ത്രിസഭയിൽ അവിശ്വാസമുണ്ടായാൽ സക്കാരിനെ പുറത്താക്കാവുന്നതാണ്. ഏതു തരം സക്കാരായാലും ജനങ്ങളുടെ ക്ഷേമത്തിനു വേണ്ടിയാണ് പ്രവർത്തിക്കേണ്ടതു്.

നിയമസഭകൾ ജനാധിപത്യരാഷ്ട്രത്തിൽ ഒഴിച്ചു കൂടാത്തതാണ്. പ്രാചീനകാലത്തു് ഗ്രീസ്സിലേയും റോമിലേയും ചില നഗരരാഷ്ട്രങ്ങളിലെ നിയമസഭകളിൽ രാജ്യത്തെ എല്ലാ പൌരന്മാക്കും പങ്കെടുക്കാമായിരുന്നു. എന്നാൽ ഇന്നു് ജനങ്ങളുടെ വദ്ധനവു കാരണം എല്ലാവക്കും പങ്കെടുക്കുവാൻ സാദ്ധ്യമല്ല. അതു കൊണ്ട് ഇന്നത്തെ നിയമസഭകളിൽ ജനപ്രതിനിധികളാണ് പങ്കെടുക്കുന്നതു്. എന്നാൽ ഇന്നും, പ്രാചീന നഗരങ്ങളിലേതു പോലെ, സ്വിററ്സർലണ്ടിലെ ചില കാൻടനുകളിൽ ഭരണം നടത്തുന്നുണ്ട്. ഇന്നത്തെ നിയമസഭകൾ ചിലദിക്കിൽ രണ്ടെണ്ണമുണ്ട്:— ഉപരിസഭയും, അധോസഭയും. രാഷ്ട്രങ്ങൾ വിപ്ലവകരമായ നിയമങ്ങൾ നിമ്മിക്കുന്നതിനെ ഉപരിസഭ തടയുന്നു. തിരഞ്ഞെടുപ്പു വഴി തിരഞ്ഞെടുക്കുന്ന ഇതരസഭയ്ക്കു് കൂടുതൽ അധികാരമുള്ളതായി കാണുന്നു. നാമനിദ്ദേശം വഴി തിരഞ്ഞെടുക്കുന്ന ഉപരിസഭയ്ക്കു് സാമ്പത്തികപ്രശ്നങ്ങളിൽ വോട്ടു ചെയ്യാൻ അധികാരമില്ല.

നീതിന്യായവിഭാഗം ഒരു ജനാധിപത്യരാഷ്ട്രത്തിൽ അത്യന്താപേക്ഷിതമാണ്. ന്യാ

# UNIVERSITY CHAMPIONS



## FOOT-BALL TEAM.

WINNERS: KARAYALAR'S TROPHY FOR KERALA UTY FOOT BALL CHAMPIONSHIP,
GEORGE JOSEPH TROPHY FROM QUILON, KANDAMKULATHY TROPHY-
MAR THOMA-RUNNERS UP TROPHY FROM THIRUVALLA.

# UNIVERSITY CHAMPIONS



## WEIGHT LIFTING TEAM.

WINNERS: FR. GABRIEL TROPHY FOR KERALA UNIVERSITY
WEIGHT LIFTING CHAMPIONSHIP.

യിത്തീർന്നു. ബ്രെയ്സിൻെറ അഭിപ്രായപ്രകാരം രക്ഷ, നീതിന്യായം, ആത്മീയവിദ്യാഭ്യാസം, സത്യം എന്നിവയ്ക്കു് ജനാധിപത്യത്തിൽ സ്ഥിര പ്രതിഷ്ഠ ലഭിച്ചു.

എന്നാൽ, ജനാധിപത്യപ്രകാരം ഒരു കാര്യവും വേഗത്തിൽ നടക്കുന്നില്ല. ആവശ്യത്തിലധികം സമയം വേണ്ടി വരുന്നു. ദിനംപ്രതി രാഷ്ട്രീയ കക്ഷികൾ പെരുകി വരുന്നു. അപ്പോൾ കക്ഷികൾ തമ്മിലുള്ള മത്സരവും ഏറി വരുന്നു. ചിലപ്പോൾ ഗവൺമെൻറ് മാറി വരുന്നതു് ഭരണത്തെയും ബാധിക്കുന്നു. അപ്പോൾ രാഷ്ട്രത്തിൻെറ പുരോഗതിയും മന്ദഗതിയിലാവുന്നു. മിക്ക മന്ത്രിമാർക്കും മിക്ക കാര്യങ്ങളെക്കുറിച്ചും അറിവില്ലാത്തതിനാൽ ഭരണത്തിൽ ഉദ്യോഗസ്ഥദുഷ്പ്രഭുത്വത്തിനു് പ്രാബല്യം വർദ്ധിക്കുന്നു. ഉദ്യോഗസ്ഥന്മാരുടെ വർദ്ധനവു കാരണം ഭരണച്ചെലവു വർദ്ധിക്കുകയും ചെയ്യുന്നു. കൈക്കൂലി മുതലായ അഴിമതികൾ തല പൊക്കുന്നു. ലെക്കി പറയുകയുണ്ടായി— "ജനാധിപത്യഭരണം വങ്കന്മാരുടെ ഭരണമാണ്". ഒരു രാജനീതിജ്ഞൻ പറയുകയുണ്ടായി— "ജനാധിപത്യഭരണം അയോഗ്യതയുടെ ദൃഷ്ടാന്തമാണ്". തിരഞ്ഞെടുപ്പടിസ്ഥാനത്തിൽ നീതിന്യായവിഭാഗത്തെ സംഘടിപ്പിക്കുന്നതെങ്കിൽ ഇതു് തികച്ചും ശരിയായിരിക്കും.

ഭരണത്തിലെ വൈകല്യങ്ങളെ വകുപ്പു വിഭജനംസിദ്ധാന്തമനുസരിച്ചോ, ചില കാര്യങ്ങളിൽ ജനങ്ങളുടെ പൊതു അഭിപ്രായം അറിഞ്ഞോ, ഉപരിസഭകൾ ഉണ്ടാക്കിയോ ദൂരീകരിക്കാം. സാമ്പത്തികമായി ഉയർത്താനും സാമുദായിക വൈകല്യങ്ങളെ ദൂരീകരിക്കുന്നതിനും മററു സിദ്ധാന്തങ്ങളിലെ ചില ആദർശങ്ങൾ സ്വീകരിക്കാവുന്നതാണ്. വായു, വെള്ളം എന്നിവ പോലെ എല്ലാവർക്കും ഭൂമിയും ഉണ്ടാകേണ്ടതാണ്. അതിനു് ഭൂമി സർക്കാരിൻെറ പൊതു മുതലാകേണ്ടതാണ്. അപ്പോൾ സമുദായത്തിലെ കലാപങ്ങൾക്ക് അല്പം ആശ്വാസം ലഭിക്കും. ജനാധിപത്യത്തിൽ കാലമനുസരിച്ച് ജനങ്ങളുടെ നന്മയ്ക്കു വേണ്ടി പുതിയ ആശയങ്ങൾ ഉൾക്കൊള്ളിച്ച് ജനാധിപത്യത്തെ സംപുഷ്ടമാക്കാവുന്നതാണ്.



നും ചിലർ മുതിരാതിരുന്നില്ല. ഇതിന്റെ ദുരന്തഫലമോ? ഒരു യുവതലമുറയുടെ മേൽ ഇംഗ്ലീഷിനെ അടിച്ചേല്പിക്കുന്നതിനും, അവരെ ചിന്താക്കുഴപ്പക്കാരാക്കി മാററുന്നതിനും കഴിഞ്ഞു.

**രാഷ്ട്രഭാഷയും ഹിന്ദിവാദവും:**

വർഷങ്ങളായി ഇംഗ്ലീഷിരുന്ന സ്ഥാനത്തേക്ക്, പാകമായ ഏതു ഭാഷയാണ് ഇന്ത്യയിലുള്ളതെന്ന ചോദ്യം ഇവിടെ പ്രസക്തമായേക്കാം. ചോദ്യത്തിന്റെ മറുപടി എളുപ്പമാണെങ്കിലും അല്പം വിഷമമുള്ളതാണ്. കാരണം, ഇന്ത്യൻ ഭാഷകൾ സാമാന്യേന ഒരേ സ്റ്റാൻഡേർഡ് പുലർത്തുന്നവയാണ്. വിശ്വമാസകലം കേറിയിറങ്ങി പദസമ്പത്തും സാഹിത്യസമൃദ്ധിയും നേടിയ ഇംഗ്ലീഷിനോടാണീ താരതമ്യത്തിനു മുതിരുന്നതെങ്കിൽ അതിനെ നിരർത്ഥകമെന്നേ പറയാനുള്ളൂ—എന്നാൽ പിന്നേതിനു കൊടുക്കണം ഈ സ്ഥാനം?

ഇന്ത്യൻ ഭരണഘടന നിർദ്ദേശിക്കുന്നതിതാണ്—ഇന്ത്യൻ യൂണിയന്റെ ഔദ്യോഗികഭാഷ **ദേവനാഗരി** ലിപിയിലുള്ള ഹിന്ദിയായിരിക്കണം—ഹിന്ദി രാഷ്ട്രഭാഷയാക്കണമെന്ന് പെട്ടെന്നങ്ങ് വാശി പിടിച്ചാൽ, അത് അഹിന്ദി പ്രദേശക്കാരോട് ചെയ്യുന്ന ഒരനീതി മാത്രമായിരിക്കും. ഇന്ത്യയിലെ ഭൂരിപക്ഷജനങ്ങളും സംസാരിക്കുന്ന ഭാഷ ഹിന്ദിയാണെന്നതിൽ തർക്കമൊന്നുമില്ല. എന്നാൽ സ്വാതന്ത്ര്യസമ്പാദനത്തിനു ശേഷം ഹിന്ദി ഔദ്യോഗിക ഭാഷയായെടുത്ത സംസ്ഥാനങ്ങളും യൂനിവേഴ്സിററികളും മററുള്ളവയെ അപേക്ഷിച്ച് ഒരു പടി ഉയർന്നു നില്ക്കാനേ തരമുള്ളൂ. അപ്പോൾ ഹിന്ദി മേധാവിത്വത്തിനു വഴങ്ങിയാൽ, ഹിന്ദിക്കാരായിരിക്കും ഈ രാജ്യത്തെ ഉന്നതസ്ഥാനങ്ങളിൽ അവരോധിക്കപ്പെടുക.

എല്ലാവർക്കും സ്വീകാര്യമായ മാർഗ്ഗം ഒന്നേയുള്ളൂ. അത് പ്രാദേശികഭാഷകളിലൂടെ ആദ്യം സംസ്ഥാനങ്ങളിലെ ഔദ്യോഗികഭാഷാപ്രശ്നം പരിഹരിക്കുക; എന്നിട്ടു രാഷ്ട്രഭാഷയെക്കുറിച്ചു ചിന്തിക്കുക. "സംസ്ഥാന ഗവൺമെൻറുകളുടെയും നിയമസഭകളുടെയും കോടതികളുടെയും ഭാഷ ഒരു നിശ്ചിതകാലയളവിനുള്ളിൽ ആ സംസ്ഥാനത്തിന്റെ തന്നെ മാതൃഭാഷയായിത്തീരണം"മെന്നു സിദ്ധാന്തിച്ച ഗാന്ധിജിയുടെ മാർഗ്ഗം തന്നെയാണ് ഇവിടെയും അനുകരണീയം. അദ്ദേഹം തുടരുന്നു.

"കേന്ദ്രഗവൺമെൻറിന്റെയും കേന്ദ്രനിയമസഭയുടെയും, അവസാനത്തെ അപ്പീൽ കോടതിയായ പ്രിവികൗൺസിലിന്റെയും ഭാഷ ഹിന്ദുസ്ഥാനിയായിരിക്കും—അതിന്റെ ലിപി ദേവനാഗരിയിലോ പേർഷ്യനിലോ ആവാം. രാഷ്ട്രാന്തരരാജ്യതന്ത്രപ്രവർത്തനത്തിന്റെ ഭാഷ ഇംഗ്ലീഷായിരിക്കും". ചുരുക്കി പറഞ്ഞാൽ **'രാഷ്ട്രഭാഷ പടുത്തുയർത്തപ്പെടേണ്ട ബലിഷ്ഠമായ അസ്തിവാരമാണ് പ്രാദേശികഭാഷകൾ. അവ രണ്ടും പരസ്പരപോഷകങ്ങളാണ്, ഒന്നിന്റെ സ്ഥാനത്ത് മറേറതിനെ പറിച്ചു നടുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതല്ല.'**

**ഉന്നതവിദ്യാഭ്യാസം സാദ്ധ്യമാണോ?**

ഉന്നതവിദ്യാഭ്യാസമെന്നു കേൾക്കുമ്പോൾ, അതേതോ അത്ഭുതലോകത്തു മാത്രമുള്ളതാണെന്നും ഇംഗ്ലീഷിൽ മാത്രമേ അത് സാധിക്കുകയുള്ളുവെന്നും ധരിച്ചു വശായിട്ടുള്ള അനവധി പേർ നമുക്കിടയിലുണ്ട്. മാതൃഭാഷ ശരിക്കറിയാത്തവരാണ് ഈ വിശ്വാസത്തിന്റെ പ്രണേതാക്കൾ. ഉന്നതചിന്തകൾക്കും, ഉത്തമകണ്ടുപിടുത്തങ്ങൾക്കും ഒരിക്കലും ഒരു ഭാഷയും പ്രതിബന്ധമായി നിന്നിട്ടില്ലെന്ന് ഓർക്കുന്നത് നന്ന്. അങ്ങനെയായിരുന്നെങ്കിൽ, ലോകത്തിന്റെ ഓരോ മുക്കിലും മൂലയിലുമുള്ള എത്രയെത്ര സാഹിത്യകാരന്മാരും ശാസ്ത്രജ്ഞന്മാരും ഇന്നും അറിയപ്പെടാത്ത ജീവികളായി കഴിഞ്ഞേനെ! നവീന സംരംഭങ്ങൾക്ക് ഏതു ഭാഷയിലും സ്ഥാനമുണ്ട്, ചിന്താമണ്ഡലം മാത്രം നന്നായിരുന്നാൽ മതി.

**ശാസ്ത്രപഠനവും സാങ്കേതികവിദ്യാഭ്യാസവും:**

'ശാസ്ത്രവും ടെക്നോളജിയും ആവശ്യമായിവരുന്നവർ ഇംഗ്ലീഷിന്മേൽ തന്നെ കടിച്ചുതൂങ്ങിക്കിടന്നോളൂ' എന്നു ശാസിക്കുന്ന അനവധി **"പ്രതിഭാശാലികൾ"** നമ്മുടെ നാട്ടിലുണ്ട്

സംസ്ഥാനത്തിലെ മാതൃഭാഷയിലാണ് ‘അവാർഡ്’ കണ്ടെത്താൻ കഴിഞ്ഞ ആദ്യത്തെ ഉത്തമ ഗ്രന്ഥം! അത്ഭുതമെന്നു പറയട്ടെ, വിദേശഭാഷയെ കണ്ണടച്ചാരാധിക്കുന്നവർക്കും സ്വന്തം ഭാഷയെ തരം താഴ്ത്തിക്കെട്ടുന്നവർക്കും ഏററ ഒരത്യാഘാതമായിരുന്നു ഈ സമ്മാനപ്രഖ്യാപനം.

ഏതു ഭാഷയിലായിരുന്നാലും ശ്രദ്ധിക്കപ്പെടേണ്ടതു്—മഹത്വമർഹിക്കുന്നതു് ആ ഭാഷയുടെ പരിധികളിൽ മാത്രം ഒതുങ്ങി നില്ക്കുകയില്ല. സാഹിത്യത്തിലായാലും ശാസ്ത്രത്തിലായാലും ഇതു തന്നെയാണ് ഗതി. അല്ലെങ്കിലെന്തിനു്, ഇതര ഭാഷാഭ്യാസികൾ അവജ്ഞയോടെ കണ്ടിരുന്ന ഒരു ഭാഷയിൽ ഈ സമ്മാനം വന്നു വീണു? അപ്പോൾ കാര്യം അതല്ല. മാതൃഭാഷയെ ഗളഹസ്തം ചെയ്യുന്നവർ സൂക്ഷിക്കുന്ന വ്യക്തവും ശ്രദ്ധേയവുമായ ചില താല്പര്യങ്ങളുണ്ടു്—ഉദ്യോഗസ്ഥമേധാവിത്വവും സാധാരണക്കാരനെ ഭരണകാര്യങ്ങളിൽ നിന്നു് അകററി നിർത്തലും. സാധാരണക്കാരന്റെ വികാരവിചാരങ്ങളെ ഉദ്ദീപിപ്പിക്കുന്നതിനോ, അവനെ നിത്യമായ കാര്യങ്ങളിൽ ബോധവാനാക്കുന്നതിനോ ഈ ഇംഗ്ലീഷുപാഠിതാക്കൾക്കു് കഴിയാതെ വരുന്നതും ഇതു കൊണ്ടല്ലെങ്കിൽ പിന്നെന്തു കൊണ്ടാണ്? ഒന്നുകിൽ അറിവില്ലായ്മ, അല്ലെങ്കിൽ അധികാരപ്രമത്തത.

വസ്തുനിഷ്ഠമായ സമീപനത്തോടെയടുത്തപ്പോൾ കാര്യം എല്ലാവർക്കും മനസ്സിലായി. സാധാരണക്കാരന്റെ വികാരോത്തേജനത്തിന് മാതൃഭാഷയെപ്പോലെ നല്ലൊരുപാധി വേറെയില്ലെന്നു് കണ്ടതോടെ, ഭാഷയുടെ വളർച്ചക്കു് ഇതര ഭാഷകളെ അല്പാല്പമായി ആശ്രയിക്കുന്നതുകൊണ്ടു് വിരോധമില്ലെന്നു വന്നു. പൂർണ്ണമായോ, അപൂർണ്ണമായോ മാതൃഭാഷകളെ വർജ്ജിച്ചുകൊണ്ടുള്ള നീക്കം നമ്മെ നാശത്തിലേ എത്തിക്കു എന്നു് വിശ്വസിക്കലായിരിക്കും ഉപപന്നം. അതുകൊണ്ടു് നമ്മുടെ രാഷ്ട്രഭാഷാനിർമ്മാണത്തിലെ ബലിഷ്ഠമായ അസ്ഥിവാരമായി പ്രാദേശികഭാഷകളെ കണക്കാക്കുന്നതിൽ തെററില്ല.

**[“നമ്മുടെ ഭാഷ, നമ്മെ തന്നെ പ്രതിഫലിപ്പിക്കുന്നു. ഉന്നതചിന്തകൾ നമ്മുടെ ഭാഷയിൽ പ്രകാശിപ്പിക്കാൻ വിഷമമുണ്ടെന്നു് നിങ്ങൾ വാദിക്കുന്ന പക്ഷം, എനിക്കു് ഒന്നു പറയാനുള്ളതു് നാം എത്രയും വേഗം ഈ ഭൂമുഖത്തു നിന്നു് തുടച്ചു നീക്കപ്പെടുന്നുവോ, അത്രയും നന്നു് എന്നു മാത്രമാണു്.”**

**—മഹാത്മാഗാന്ധി]**

11. പറന്നു പോകുന്ന നിമിഷങ്ങളെ പിടിച്ചു നിർത്തി അവയിലുൾക്കൊള്ളുന്ന മഹാനിധികൾ സമ്പാദിക്കുവാൻ ശ്രമിക്കുക. കാരണം പിന്നീടവ എന്നന്നേക്കുമായി നഷ്ടപ്പെടുകയാണ് ചെയ്യുന്നതു്. യൗവനകാലത്തു് മണിക്കൂറുകൾ തങ്കങ്ങളാണ്. പിന്നീടവ വെള്ളിയാകുന്നു. വാർദ്ധക്യത്തിലാകട്ടെ അവ ഈയ്യമായിത്തീരുന്നു.

—സ്മൈൽസ്.

12. ലോകം എൻെറ രാജ്യവും മാനവവംശം മുഴുവൻ എൻെറ സഹോദരന്മാരുമാണ്; നന്മ ചെയ്യുക എന്നതാണ് എൻെറ മതം. —തോമസ് വെയിൻ.

13. ഒരു വിഡ്ഢിയെ കാണാതെ കഴിയാനാണ് നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ നിങ്ങളുടെ നിലക്കണ്ണാടി പൊട്ടിച്ചു കളയുക. —റെബേലെസ്സ്.

14. സൗന്ദര്യം സത്യമാണ്; സത്യമാകട്ടെ ദൈവസന്നിധിയിലേക്കുള്ള ഋജ്ജുമാർഗ്ഗവും.

—സോക്രട്ടീസ്.

15. മനുഷ്യനേക്കാൾ മഹത്തായതൊന്നും ഭൂമിയിലില്ല. ഹൃദയത്തേക്കാൾ മഹത്തായതൊന്നും മനുഷ്യനിലുമില്ല. —സർ വില്യം ഹാമിൽട്ടൺ.

16. നാം സ്നേഹിക്കപ്പെടുന്നു എന്നുള്ള വിശ്വാസമാണ് നമുക്ക് ജീവിതത്തിൽ ഏററവും വലിയ ആനന്ദം നല്കുന്നതും, ജീവിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നതും.

—വിക്ടർ ഹ്യൂഗോ.

17. കത്തവ്യങ്ങൾ അധികവും, ജീവിതം ഹ്രസ്വവുമാണ്. —ലോങ്ഫെല്ലോ.

18. സുഖലോലുപത്വത്തിൻെറ പൂമെത്ത രാഷ്ട്രങ്ങളുടെ മരണശയ്യയായി പരിണമിക്കാറുണ്ട്.

—ഒരു രാഷ്ട്രതന്ത്രജ്ഞൻ.

19. ആളുകൾ നിങ്ങളെ ഒരു മാന്യനെന്ന നിലയിൽ കരുതണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു മാന്യൻ പെരുമാറുന്ന വിധം നിങ്ങൾ അവരോട് പെരുമാറണം. —റവ: സിഡ്നി സ്മിത്ത്.

20. അപരൻെറ സുഖത്തിൽ സുഖം കണ്ടെത്തുകയാണ് യഥാർത്ഥ സുഖം.

—ലെബുനീസ്സ്.





RECEPTION TO GEORGE JOSEPH
TROPHY FROM QUILON



SRI. K. G. VIJAYAN, SKIPPER OF CHRIST COLLEGE FOOTBALL TEAM RECEIVING THE KARAYALAR'S TROPHY FOR KERALA UTY FOOT-BALL CHAMPIONSHIP FROM DR. ANANDANARAYANAN, PRINCIPAL, MEDICAL COLLEGE, CALICUT.

ങ്ങാം എഴുതിയത് എന്ന വസ്തുത ശ്രദ്ധേയമാണ്. സാമൂഹ്യോന്നമനം ഉദ്ദേശിച്ചദ്ദേഹം എഴുതിയിട്ടുള്ള കാവ്യങ്ങാം, ആ ഒരു കാരണം വെച്ചു കൊണ്ടു മാത്രം, കലാഭംഗിയില്ലാത്തതാണെന്നു് ചില നിരൂപകന്മാർ വാദിക്കുന്നുണ്ട്. എന്നാൽ, തൊട്ടുകൂടായ്മയും, അയിത്തവും മററും കേവലം കെട്ടുകഥകളായി മാറിയ ഈ കാലഘട്ടത്തിൽ ആശാൻെറ കവിതകാം തലയുയർത്തി ത്തന്നെ നില്ക്കുന്നത്, അവയുടെ കാവ്യഭംഗി ഒന്നു കൊണ്ടു മാത്രമാണ്.

ആശാൻെറ മിക്ക കവിതകളും ഖണ്ഡകാവ്യരൂപത്തിലാണ് പ്രത്യക്ഷപ്പെടുന്നത്. ഖണ്ഡകാവ്യപ്രസ്ഥാനത്തിന്നു് മലയാളഭാഷയിൽ നവചൈതന്യം നല്കിയവരിൽ ആശാനുള്ള സ്ഥാനം ആരുടേയും പിന്നിലല്ല. ആശാൻെറ നളിനി, ലീല, കരുണ, ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ തുടങ്ങിയ ഖണ്ഡകാവ്യങ്ങാം മനുഷ്യസ്നേഹത്തിൻെറ മധുരോദരഗീതങ്ങളാണ്.

## സ്നേഹത്തിൻെറ മുഖങ്ങാം

ആശാൻെറ കവിതയിൽ ഓരോ വരിയിലും തത്തിത്തുളുമ്പുന്ന വികാരം സ്നേഹമാണ്. 'ദേഹം വെടിഞ്ഞാൽ തീരാത്ത' 'പ്രണയജടിലം ദേഹി തൻ' സ്നേഹബന്ധമാണ് ആശാൻെറ ചിന്താവിഷയമായ സ്നേഹം. മാംസദാഹത്തിനു വേണ്ടിയുള്ള പേപിടിച്ച മനുഷ്യൻെറ സ്നേഹപ്രകടനമല്ല ആശാൻ പാടുന്നത്. ദിവ്യാനുരാഗത്തിൻെറ ദീപ്തികന്ദളം വിടർത്തുന്ന എത്രയെങ്കിലും വരികാം ആശാൻെറ കവിതകളിൽ കാണാം. സ്നേഹത്തിൽ നിന്നാണ് ലോകത്തിൻെറ ഉത്ഭവമെന്നും ലോകം വളരുന്നതും സ്നേഹം കൊണ്ടാണെന്നും, നരകത്തെ സ്വർഗ്ഗമാക്കുന്നതും സ്നേഹമാണെന്നും കീർത്തിക്കുന്ന ആശാൻ സ്നേഹഗായകനാണെന്നു് ആരാണ് പറയാതിരിക്കുക?

## പ്രകൃതി!

പ്രകൃതിനിരീക്ഷണങ്ങളും സജീവങ്ങളായ പ്രകൃതിവർണ്ണനകളും ഈ മഹാകവിയുടെ കവിതകളിൽ കാണാം. "അരിയ നീർത്താർമൊട്ടേ നിൻ തലയിൽ സ്ഫുരിതമാം തുമഞ്ഞിൻ തുള്ളി തന്നിൽ" എന്നു തുടങ്ങിയുള്ള കാവ്യഭാഗം 'ആശാൻെറ കാവ്യമണിമാലയിലെ ഉജ്ജ്വലമായ പത്മരാഗഖണ്ഡം തന്നെ' എന്നു് ഏതൊരു സഹൃദയനും തോന്നിപ്പോകുമെങ്കിൽ അതിലത്ഭുതമില്ല.

## ദുഃഖോപാസകൻ

തൻെറ കൃതികളിലൂടെ തൻെറതായ ഒരു വ്യക്തിത്വം ആശാൻ കാഴ്ച വെച്ചിട്ടുണ്ട്. ദുഃഖം നിറഞ്ഞ മനുഷ്യജീവിതത്തെക്കുറിച്ച് ഗഹനമായി ചിന്തിച്ച ഒരു മനുഷ്യസ്നേഹിയാണ് ആശാൻ എന്നു് അദ്ദേഹത്തിൻെറ 'വീണപൂവ്' തുടങ്ങിയ കൃതികാം വിളിച്ചോതുന്നു. 'വീണപൂവിലൂടെ' മനുഷ്യജീവിതത്തിൻെറ ക്ഷണികതയും അത് മനസ്സിലാക്കാതെ മനുഷ്യർ കാട്ടിക്കൂട്ടുന്ന വിക്രിയകളുമാണ് വ്യംഗാത്മകമായി ആശാൻ ചിത്രീകരിക്കുന്നത്. ഒരു വീണപൂവിൻെറ കഥയിലൂടെ മനുഷ്യജീവിതത്തിൻെറ എല്ലാമെല്ലാം പ്രദർശിപ്പിക്കുന്ന ആ കവി അമാനുഷികനാണോ എന്നു് സംശയിച്ചു പോകും.

മാനുഷികവികാരങ്ങളെ യഥാതഥമായി ആവിഷ്ക്കരിക്കാനുള്ള ആശാൻെറ കഴിവ് അളവററത് തന്നെയാണ്. 'നെട്ടരാത്രി നീങ്ങാഞ്ഞ് നിർവ്വേദത്താൽ പിടയുന്ന' ചണ്ഡാലബാലികയുടെ വികാരപാരമ്യത്തെ ഏററവും ഭംഗിയായും അകൃത്രിമമായും അദ്ദേഹം പകർത്തിയിരിക്കുന്നു. മനുഷ്യമനസ്സിലെ കോപതാപാദിയും ഗ്ലാനിയും നൈരാശ്യവും ഇത്ര തന്മയത്വത്തോടെ മറേറതെങ്കിലും കവി ആവിഷ്ക്കരിച്ചിട്ടുണ്ടോ എന്നു് സംശയം തോന്നുന്നു.

## ഭാവശില്പി

കവിതയിലെ ജീവൻ ഭാവമാണെന്നു് ആദ്യം തന്നെ മനസ്സിലാക്കിയ കവി കുമാരനാശാനാണ്. അദ്ദേഹത്തിൻെറ കവിതയിലെ ഓരോ വരിയിലും ഭാവം നിറഞ്ഞു നില്ക്കുന്നത്

# ഒരു ദശവത്സരം പിന്നിട്ട ക്രൈസ്റ്റ്
# ഒരു അണയാത്ത ദീപം

K. J. Joseph M. A.

ക്രൈസ്റ്റ് കോളജ് നീണ്ട ഒരു ദശവത്സരം പിന്നിട്ടു കഴിഞ്ഞിരിക്കുന്നു. സംഭവബഹുലമായ ഒരു കാലഘട്ടമായിരുന്നു അതു്. അത്ഭുതങ്ങളുടെ ഒരു ലോകം ഇതിൽ ഉൾക്കൊണ്ടിട്ടുണ്ടു്. ജീവിതപ്രഭ പരത്തിക്കൊണ്ടാണു് ക്രൈസ്റ്റ് ഇവിടെ നിലകൊള്ളുന്നതു്. നവംനവങ്ങളായ പ്രേരണകളും അനുഭവങ്ങളും ശക്തിയും ആർജ്ജിച്ചുകൊണ്ടു് പുറത്തു വരുന്ന ചെറുദീപനാളങ്ങൾ ലോകത്തിനു് അറിവിന്റെ പ്രഭ പാകുന്നു് വിരാജിക്കുന്നതു് നാം കാണുന്നുണ്ടു്. ജീവിതത്തിനു് പരമമായ ഒരു ലക്ഷ്യവും ഔന്നത്യവും ഉണ്ടെന്നു് അതു് നമ്മെ പഠിപ്പിക്കുന്നു.

## 1956—ഒരു നാഴികക്കല്ല്

1956—അതൊരു മഹാ സംഭവത്തിനു് സാക്ഷ്യം വഹിക്കുന്നു. അന്നാണു് ഈ വിശാല സരസ്വതീസൗധം പടുത്തുയർത്തപ്പെട്ടതു്. 1956 ജൂൺ 18-ാം തീയതി ഇവിടെ ആദ്യമായി പഠനം ആരംഭിച്ചു. പരിത്യക്തമായി കിടന്ന മങ്ങാടിക്കുന്നിന്റെ പുരോഗതിയെപ്പററി ആലോചിക്കുമ്പോൾ മനുഷ്യശക്തിയുടെ അമേയതയെപ്പററിയും നാം തെല്ലൊന്നു് ചിന്തിച്ചുപോകും. പ്രപഞ്ചശക്തികളെ എല്ലാം മനുഷ്യൻ തന്റെ മുഷ്ടിക്കുള്ളിൽ ഒതുക്കിയെന്നു് അഭിമാനിക്കുന്ന ഈ യുഗത്തിൽ ഇത്ര വലിയ നേട്ടങ്ങൾ കൈവന്നിട്ടും ഇതിനെല്ലാം ഉപരിയായി ഒരു അനിയന്ത്രിതശക്തി പ്രവർത്തിക്കുന്നുണ്ടെന്നു് വിശ്വസിക്കുന്നവരാണു് മങ്ങാടിക്കുന്നിലെ പുരോഗതിയുടെ പിന്നിലുള്ളവർ.

## പ്രകൃതിയും രൂപവും

സസ്യശ്യാമളമായ നെല്പാടങ്ങളുടെ പശ്ചാത്തലത്തിൽ, ചക്രവാളഭംഗി നുകർന്നു നിൽക്കുന്ന ഈ ഭീമാകാരസൗധങ്ങളുടെ രൂപവണ്ണ്യത്വം കവിസങ്കല്പങ്ങൾക്കും അപ്പുറമല്ലേയെന്നു് സംശയിക്കേണ്ടിയിരിക്കുന്നു. കൂമൻ, കുറുക്കൻ, സർപ്പം തുടങ്ങിയ വന്യജീവികളുടെ കേളീരംഗമായിരുന്ന ഇവിടം സംസ്കാരസമ്പന്നരായ ജനങ്ങളുടെ വിജ്ഞാനതീർത്ഥമായിത്തീർന്നു. ജീവിതാനന്തരകാലത്തെപ്പററി മാത്രം അറിഞ്ഞിരുന്ന മങ്ങാടിക്കുന്നു് ജീവസ്പന്ദങ്ങളും, ബാഹ്യവും, ആത്മീയവുമായ ചൈതന്യം ആർജ്ജിച്ചു് അപ്രമേയമനുഷ്യപുരോഗതിക്കു് സാക്ഷ്യം വഹിച്ചുകൊണ്ടു് നിലകൊള്ളുന്നു. ക്ഷുദ്രജീവികൾക്കു് ആശ്രയമരുളിയിരുന്ന ഗഹ്വരങ്ങളും അസമപ്രദേശങ്ങളും ഇന്നു് മനുഷ്യലോകത്തിനു് താങ്ങും തണലുമായി നിന്നു് സ്വാഗതമരുളുന്നു. ദേവലോകത്തിലെ നന്ദനോദ്യാനതുല്യമായി കാണപ്പെടുന്ന ഇന്നത്തെ മോഹനോദ്യാനവും അതിന്റെ ഭംഗിയും കണ്ടാനന്ദിക്കുന്നവർ അവിടം ഒരിക്കൽ ഊഷരഭൂമിയായിരുന്നെന്നു് അറിയുമ്പോൾ അതിന്റെ പിന്നിൽ പ്രവർത്തിച്ച വിദഗ്ദ്ധഹസ്തങ്ങളേയും, സൂക്ഷ്മബുദ്ധിയേയും, വാഴ്ത്താതിരിക്കുകയില്ല.

## സ്വർഗ്ഗസൗന്ദര്യം—ജീവിതത്തിനൊരു പ്രേരണ

ക്രൈസ്റ്റിന്റെ ഉദ്യാനഭംഗി വർദ്ധിപ്പിക്കുന്ന വർണ്ണശബളവും രൂപവൈവിധ്യവുമാർന്ന ചെടി

ഷ്ടു് വഴി തെളിയ്ക്കുമല്ലോ. 1957-ൽ ത്രിവത്സര ഡിഗ്രി കോഴ്സ് ആ ര ം ഭി ച്ചു. Zoology, Chemistry, Commerce ഈ മൂന്നു വിഷയങ്ങളാണ് അന്ന് ആരംഭിച്ചതു്. ഇന്നു് അതു് Physics, Mathematics, Economics ഇവ ഉൾപ്പെടെ ആറു വിഷയങ്ങളായി. 1961-'62ൽ M. Sc. (Zoo.) M. Com. ഇവ ആരംഭിച്ചു. ഇതു് ചുരുങ്ങിയ കാലയളവിലെ നേട്ടമായി കരുതാം. 14 അധ്യാപകരോടു കൂടി ആരംഭിച്ച ഈ സ്ഥാപനത്തിൽ ഇന്നു് 70 അധ്യാപകരുണ്ടു്—1575 വിദ്യാർത്ഥികളും.

### ഞെട്ടിപ്പിയ്ക്കുന്ന സ്പോർട്ട്സ് രംഗം

ക്രൈസ്റ്റിൻെറ Sports രംഗങ്ങൾ കേരളത്തിനകത്തും പുറത്തും ഒന്നു പോലെ അസൂയ ഉളവാക്കുന്നവയാണ്. പ്രാരംഭദശയിൽ തന്നെ Sportsനു് ഇവിടെ പ്രാധാന്യം നൽകി. ആദ്യ വർഷം Foot ball, Basket ball, Volley ഇവയ്ക്കു് Inter Collegiateൽ മത്സരിച്ച് Zone Final വിജയിച്ചതു് പിൽക്കാലങ്ങളിലെ വൻപിച്ച Sports നേട്ടങ്ങൾക്ക് മുഖവുര കുറിച്ചു. 1959-ൽ കണ്ടംകുളത്തി Foot ball trophy ആരംഭിച്ചു. 1960-ൽ ക്രൈസ്റ്റ് ആദ്യമായി ഒരു കപ്പ് നേടി. 1961 മുതൽ ആകെ മൂന്നു തവണ University Foot ball trophy നേടിയതോടൊപ്പം Universityയുടെ വിവിധ ടീമുകളിൽ കളിക്കാരെ അയയ്ക്കുന്നതിനും സാധിച്ചു. ഒരു ഡസനോളം കപ്പുകൾ നേടിയ വർഷങ്ങളും ഉണ്ടു്.

### മാറി എഴുതിയ ചരിത്രം

ക്രൈസ്റ്റ് Sports രംഗത്തു് ഒരു പുതിയ ചരിത്രം സൃഷ്ടിയ്ക്കുകയാണ്. 1965-ൽ Kerala Universityയുടെ ചരിത്രത്തിൽ ആദ്യമായി Triple championship നേടിയതു് ക്രൈസ്റ്റാണ്. Volley, Foot ball, Weight lifting ഇവയ്ക്കുള്ള കപ്പുകളാണ് അന്നു് ഒന്നിച്ച് നേടിയെടുത്തതു്.

### സാഹിത്യവും കലയും

ജീവിതത്തിൻെറ മോഹനഭാവങ്ങളെ ഉദ്ദീപിപ്പിച്ചുകൊണ്ടു് ഏകാഗ്രമനസ്സിനെയും, ഹൃദയത്തെയും, ശാശ്വതസത്യത്തിലെത്തിയ്ക്കുകയാണ് കലയുടെയും സാഹിത്യത്തിൻെറയും ധർമ്മം. ഈ വാസ്തവം മുൻനിർത്തിയാണ് ഇവിടെ കലാസാഹിത്യരംഗങ്ങളെ പ്രോത്സാഹിപ്പിയ്ക്കുന്നതു്. നാടകങ്ങൾ, കഥകളി, നൃത്തം, വാദ്യമേളസംഗീതം, ചിത്രമെഴുത്തു്, ഉപന്യാസമത്സരങ്ങൾ ഇവ സർവ്വകലാശാലാന്തരയുവജനകലോത്സവങ്ങളിൽ Inter University Youth festivalൽ സമ്മാനാർഹമായിട്ടുണ്ടു്.

## Hostel

ജീവിതത്തിൽ ഒരു അടക്കം ചിട്ടയും സാധിയ്ക്കുന്നതു് ഹോസ്റ്റൽ ജീവിതം കൊണ്ടാണ്. Arts Blockൻെറ മുകൾഭാഗമാണ് ആദ്യം Hostel ആയി ഉപയോഗിച്ചിരുന്നതു്. ആരംഭത്തിൽ 10 വിദ്യാർത്ഥികളാണ് Hostelൽ ഉണ്ടായിരുന്നതു്. വർഷങ്ങൾ നീങ്ങി. Hostlers ൻെറ സംഖ്യ വർദ്ധിച്ചു. 1960-'61-ൽ 200 Single roomsൽ വിദ്യാർത്ഥിഭവൻ പണിതീർത്തതോടെ ഹോസ്റ്റൽ സൗകര്യം വർദ്ധിച്ചു. 1964-'65-ൽ Pre-Degree വന്നതോടെ പിന്നെയും കൂടുതൽ സൗകര്യം വേണ്ടി വന്നു. ഇപ്പോഴത്തെ Fathers' Quarters പണി തീർത്തു് പഴയ Monastery Building, Pre-Degree Studentsനായി വിട്ടു കൊടുത്തു. ഇന്നു് കോളജിലെ നാലിലൊന്നു് സംഖ്യ വിദ്യാർത്ഥികൾ ഹോസ്റ്റലുകളിൽ താമസിയ്ക്കുന്നു.

### രാഷ്ട്രം ക്രൈസ്റ്റിനോടൊത്തു്

രണ്ടു ഗവർണ്ണർമാർ കോളജ് സന്ദർശിച്ചിട്ടുണ്ടു്. ആദ്യവർഷം ഡോക്ടർ രാമകൃഷ്ണറാവു കോളജിൻെറ ഔപചാരിക ഉത്ഘാടനം നിർവ്വഹിച്ചു. അന്നു തന്നെ ക്രൈസ്റ്റിൻെറ ആശീർവ്വാദകർമ്മം Rt. Rev. Dr. George Alappat നടത്തി.

# FOOT BALL COACHING CAMP.





STATE COACH.

COACHING IN PROGRESS

↓



Sri. SIMON SUNDER RAJ.

# HINDI SECTION


| | | | Page |
|---|---|---|---|
| 1· | Sooraj Aur Thare | *Divakaran V.* | 1 |
| 2. | Sahithya Me Naya Mod | *K. J.* | 2 |
| 3. | Prasad | *Rajendran E.* | 3 |
| 4. | Nirvruthi | *Sreekantan V.* | 4 |
| 5. | Hindi Kea Baremea | | 5 |
| 6. | Raja Bhasha | *SankaraNarayan* | 6 |
| 7. | Sasthriji | *Jose Chethalan* | 7 |
| 8. | Anandasru | *Govinda Menon* | 8 |
| 9. | Asakiran | *Ramachandran* | 9 |

# सूरज और तारे

*Divakaran V., Anandapuram II B. Sc.*

जागता मैं हूँ प्रभात में
आता हूँ मैं आँगन में,
देखता हूँ मैं आसमान को,
देखता हूँ मैं सूरज को ॥

दिन-भर के कामों के बाद,
दिन-भर के पढने के बाद,
आखिर सन्ध्या होते ही
देखता हूँ मैं आसमान को ॥

सूरज वहाँ न दिखता है
वहाँ चान्द ही दिखताहै,
उसके पास चमकते हैं-
तारे, नन्हे फूलों-से ॥

"ये सब तारे कहाँ रहते?
दिन में ये क्या करते हैं?
सूरज के उठ आते ही
डर कर ये क्यों भागते हैं?"

—इसी ख्याल में पडता था
सपना देखकर लेटता था,
आँखें खोलते ही दूर पर
हँस रहा है सूरज फिर ॥

# नियतिवादी प्रसाद — आदर्श और व्यक्तित्व

*E. Rajedran P. D. C.*

हिन्दी साहित्य के कविरत्न बाबू जयशंकर प्रसाद अपनी बहुमुखी प्रतिभा के कारण सुविख्यात है। उन का जन्म सन् 1889 में एक व्यापारी कुल में हुआ था। उन के माँ-बाप को स्कूली शिक्षा से अरुचि थी, अतः प्रसादजी को स्कूल जाकर पढना असंभव था। यौवन के होते उन में साहित्याभिरुचि आयी।

नाटक, उपन्यास-कहानियाँ, काव्य सभी में प्रसादजी ने रचनायें की हैं। इन की रचनायें अधिक पौराणिक है। उन का विश्वास है कि ऐतिहासिक घटनाओं में ही, भारतीय संस्कृति का उज्वल चित्रण हो सकता है। इन के नाटक बौद्धकालीन भारत का प्रतिनिधित्व करते हैं। स्कंदगुप्त, अजातशत्रु, चन्द्रगुप्त आदि इन के प्रमुख नाटक है। इन नाटकों में चरित्र चित्रण की प्रधानता है। अकृत्रिम व्यक्तित्व और हृदय की कोमलता में प्रसादजी के पात्र अधिक मशहूर है। प्रसाद अधिक रूप से नियतिवादी है।

प्रसाद के उपन्यास और कहानियाँ, सुख-दुख संयोग-वियोग, त्याग, सहानुभूति आदि मानव-चित्तवृत्तियों पर आधारित है। कंकाल और तितली इन के दो प्रमुख उपन्यास है। एक तो सामाजिक बुराइओं का चित्रण करता है तो दूसरा ग्रामीण दृश्यों और समस्याओं का चित्रण। प्राच्य तथा पाश्चात्य काव्य शैलियों का सम्मिश्रण इन की कृतियों में प्राप्त है।

हिन्दी पद्य साहित्य में प्रसाद छायावाद के प्रवर्तक हैं। उन की कविताओं में ईश्वर तथा प्रकृति के प्रति प्रेम, एवं प्राचीन गौरव का सम्मिलन हुआ है। आप तो सदा प्रेम पिपासू हैं। अपार भव सागर को पार करके परमात्मा में लीन हो जाने की उनन्य प्यास इन की आत्मा में हैं। "कामायनी"—लिख आप ने इस प्रपंच रहस्य को भी खोल दिया। बुद्धिवाद और हृदयवाद का इस काव्य में समन्वय है। प्रसादजी जीवन को नश्वर मानते है और जीवन की सफलता पर अविश्वासी हैं। इन की कविताओं में देश प्रेम और प्रकृति वर्णन भी अधिक मात्रा में आये हैं।

इन की भाषा तो अधिक संस्कृत गर्भित है। इस में चमत्कार अधिक रूप से प्राप्त है। रचनाओं में मौलिकता प्रसादजी की अपनी विशेषता है। इन के दार्शिनिक और आध्यात्मिक विचार भी उल्लेखनीय है।



4x100 METRES RELAY FOR TEACHING STAFF
WINNERS ON THE VICTORY STAND



100 METERS DASH FOR PEONS
WINNERS ON THE VICTORY STAND



V. R. SUBHASH CHAMPION
ATHLETE



CAPTAIN OF WINNING HOUSE
RECEIVING THE CUP.



JOSE P. GEORGE
JUNIOR CHAMPION



TEACHING STAFF Vs P. G. STUDENTS — FOOT BAL

# हिन्दी के बारे में — विज्ञों का मत

हिदी इसलिये राज भाषा बनी कि भारत के ज्यादातर लोग उसे जानते हैं। —इंदिरा

दक्षिण में हिन्दी के नाम क्रांति अकारण भय के कारण होता है।
—G. Ramachandran.

हिन्दी भाषा कुछ ओर भी सरल होना अनिवार्य है। —डा. ज़ाकीर हुसैन

यह गलत धारणा है कि हिन्दी के प्रचार से, दूसरी भाषाओं का विकास रुक जाता है। —निजलिंगप्पा

हिन्दी के राष्ट्रभाषा बनाने वालों में केवल हिन्दी भाषी भी नही थे, दक्षिण-पश्चिम के सभी थे। —प्रकाशवीर शासत्री

हिन्दी को पूर्ण रूप से विकसित करने का भरसक यत्न विश्व विद्यालयों में भी नही चलता। —K. Chandrasekaran.

विद्यालयों में त्रिभाषा की योजना अमल में लाने से भाषा परक शत्रुता दूर हो जाता है। —दिनकर

हिन्दी कभी भारत विभाजन का माध्यम न हो। —देशीयोद्ग्रथन समिति

हिन्दी अब उत्तर भारत की ही भाषा नही भारत के सब कहीं वह बोली— जाती है। —निजलिंगप्पा

केरलीय हिन्दी जरूर पढे जिससे वे भारत के अन्य प्रांतवालों से किसी भी बात में पिछडा न हो। —A. M. Thomas.

स्त्रियों के हिन्दी पढने से उन के पति और बच्चे भी हिन्दी पढेंगे और वैसे हिन्दी का प्रचार अधिक होगा। —जी

# लाल भारत माता के और बहादुर कर्म में — शास्त्रीजी

*By Jose Chethalan.*

लाल बहदुर शास्त्री अब न रहे। वे अमर हो गये। शांति के दूत वे हमें छोड गये। उस राष्ट्रपिता की भारतीय-संतान अब उन के वियोग में दुखार्त है। वे लौट न आयेंगे—अपनी संतानों को, परिवारवालों को सात्वना देने। उन की पवित्र आत्मा भौतिक बंधन से विमुक्त हो गयी। उन की आत्मा को परमात्मा ने अपनी स्नेह भरी गोद में स्वीकार कर लिया है। शांति प्रिय शास्त्रीजी आत्मा उस अनश्वर गोद में शांति पाती होगी!

शास्त्रीजी भारत माता के लाल थे। माता की सुरक्षा करने काफी बहादुर थे शास्त्रीजी। उनके कर्मठ व्यक्तित्व ने उन्हें विश्व प्रख्यात बना दिया था। जीवन के हर क्षण वे क्रियाशील थे। उन का जीवन सरल था। रहन-सहन, खाना-पीना, बोलना—चलना, सभी में सादगी आयी थी। उन का विचार था कि अपने कारण कोई भी दुःख में न पड जाये। जैसे वे मृदुल कोमल थे वैसे कठोर भी थे। चीनियों का आक्रमण हो रहा था। पाकिस्तान ने भी आक्रमण आरंभ किया—कच और काश्मीर की तराईओं पर। शांति प्रस्ताव का कुछ असर न हुआ। शत्रु से भिड गये और जंग में शत्रु के दांत कट्टा कर दिये गये।

संधि का प्रस्ताव हुआ। अयूब खाँ और शास्त्रीजी दोनों रूस के इतिहास प्रसिद्ध ताषकण्ड पहूँचे। समझैते की चर्चा हुई। हस्तक्षर हुआ घटियाँ बीती। शास्त्रीजी ने जाना-उन के घरवाले सभी सुख से हैं। उन के हृदय में आनन्द और शांति आयी। जीवन ने लक्ष्य पाया। उन के प्राण शरीर छोड गये। भारतीयों ने सुना—शास्त्रीजी का देहाँत हो गया। सब में बिजली-का-सा आघात अनुभव हुआ। क्या करें। भारत ने ताषकण्ड-समझौते का पालन-किया। किन्तु-भारतवासी अब दुखार्त है, - हा विधि !!!

# ** लोक संघर्षों में — भारत एक आशा किरण **

*By Ramachandran Puthezath III B A.*

संघर्षों के इस समय संसार में शांति स्थापित करने भारत जो कार्य कर रहा है, वह सराहनीय है। पौराणिक काल से होकर भारत मानव-जाति की शांति और उन्नति के लिये यत्न करता आया है। अणु-शास्त्रों की इस समय की बढती में शांति कहाँ संभव है? जब तक मानव,—मानव बनकर भाई चारे का बर्ताव न करता तब तक संसार में अशांति हुआ भी करेगी। शांति—उसी में मानव जीवन का आनन्द है।

जो अधिकार और शास्त्र-शक्ति पर भरोसा रखता, वह अवश्य मानव मूल्यों का निषेध करता है। इस से व्यक्ति और राष्ट्र का ही नाश होता है। एक लोक और प्रेम राष्ट्र जनता का लक्ष्य हो। अहिंसा के सशक्त शस्त्र द्वारा भारत ने पराधीनता की जंजीर तोडी। शांति के विशाल देश में उन्होंने आनन्द पाया। उन का आदर्श और साधना भी,—महान जीवन और सुखद संसार की ओर लक्ष्य किया हुआ है।

धर्म-नीति के सामने अनीति का कुछ महत्व नही। मानवत्व, स्वत्व और शांति की सुरक्षा में भारतीय लडे हैं; उसी में धर्म है। स्वतंत्रता के बाद जो अस्वस्त परिस्थिति हुई, दृढ यत्नों से भारत ने उसी पर विजय पायी। आर्थिक असमानता को दूर करने हम ने साम्यवाद कारास्ता स्वीकार किया। अधिकार और निरी-सैनिक-शक्ति पर हमें विश्वास नही। -आत्माभिमान औरराष्ट्र-राष्ट्रों की उन्नति में हमारा अपनादृढ संकल्प है।

जमाना बदल गया। विदेशी शासन से राष्ट्र स्वतंत्र होते आये। पर वे ही गणतंत्र-स्वतंत्र राष्ट्र स्वेछाधिकार में बदल गये हैं। कैसा अधपतन है! भारत अब भी अपने लिये शासन कर रहे है। विश्व शांति को लक्ष्य कर उस ने तटस्थ नीति को अपनाया है। भारत के लिये सब कोई मित्र हैं।

भारत पर पाकिस्तान का आक्रमण हुआ। हम ने शांति का मार्ग स्वीकार किया। चीन से मित्रता रख भारत ने पंचशील की घोषणा की। सभी मित्र राष्ट्रों ने इस महत भावना की प्रशंसा की। पर अंत में चीन ने हमें धोखा दिया। भारत पर वे आक्रमण करते रहे। हम ने उस का प्रतिरोध किया। पाकिस्तान ने, कच और काश्मीर पर फिर से आक्रमण किया। अनेक धर्म-भाषा और विचारों के भारत में उस समय जो दृढता और ऐक्य देखा गया, उसी ने भारत की महत्ता को, संसार में ओर भी बढ दिया। गोवा--जो पुरतुगलों के अधीन अस्वस्त था, वहाँ के भारतीयों को भी हम ने दुःख वियुक्त किया शांति के लिये ख्यातिप्राप्त भारत अपनी तटस्थ नीति द्वारा मानव जाति की उन्नति के लिये ओर भी पर्याप्त योगदान करेगा ही।

| | | |
|---|---|---|
| Irinjalakuda | ... | The S. N. T. S. Magazine. |
| | ... | National High School Magazine. |
| Kasargod | ... | Government College Magazine. |
| Kesavadaspuram | ... | Mahatma Gandhi College Magazine. |
| Kolenchery | ... | St. Peter's College Annual. |
| Kothamangalam | ... | Mar Athanasius College Annual. |
| Kottayam | ... | Bishop Chulaparambil Memorial College Annual. |
| | ... | Mt. Carmel Training College Magazine. |
| | ... | Kottayam Medical College Magazine. |
| | ... | Baselius College Magazine. |
| Kuravilangadu | ... | Deva Matha College Magazine. |
| Kuthuparamba | ... | Nirmalagiri College Magazine. |
| Madras | ... | The Bedean |
| | ... | Loyola College Magazine. |
| Mangalore | ... | St. Aloysius College Annual. |
| | ... | Unitas. |
| Mannanam | ... | St. Joseph Training College Annual. |
| | ... | Kuriakose Elias College Magazine. |
| Mavelikara | ... | Bishop Moore College Annual. |
| Muvattupuzha | ... | Nirmala College Magazine. |
| Nagpur | ... | St. Francis de Sales College Annual. |
| Ottapalam | ... | N. S. S. College Magazine |
| Palai | ... | Alphonsien College Magazine. |
| | ... | St. Thomas Training College Annual. |
| Palayamcottai | ... | St. Xavier's College Magazine. |
| Palghat | ... | Government Victoria College Annual. |
| | ... | Mercy Chronicle. |
| Pandalam | ... | N. S. S. College Magazine. |
| Pathanamthitta | ... | Catholicate College Magazine. |
| Quilon | ... | Fathima Matha National College Magazine. |
| | ... | T. K. M. Engg: College Magazine. |
| Tellichery | ... | Government Brennan College Magazine. |



മാതൃ

Honours Shared

VRUBHUMI

Christ College in last four

Christ College football

Malayala Manorama: Estd. 1888.



st College
Lonappan
ophy



Christ Colle
Retain Tro

KERALA MORNING EDITION

NDIAN EXPRESS

Christ College Football

Drawn Match



# Statement of Ownership and other particulars about Newspaper
## (THE MAGAZINE, CHRIST COLLEGE.)

*See Rule 8*

| | | |
|---|---|---|
| 1. Place of Publication | — | Irinjalakuda |
| 2. Periodicity of Publication | — | Annual |
| 3. Printer's Name | — | Stanley Paul |
| Nationality | — | Indian |
| Address | — | Christ College, Irinjalakuda. |
| 4. Publisher's Name | — | Stanley Paul |
| Nationality | — | Indian |
| Address | — | Christ College, Irinjalakuda. |
| 5. Editor's Name | — | Rev. Fr. Bennett Kurian C. M. I. |
| Nationality | — | Indian |
| Address | — | Christ College, Irinjalakuda. |
| 6. Name and address of the individual who owns the Newspaper | | Christ College, Irinjalakuda. |

I, Stanley Paul, hereby declare that the particulars given are true to the best of my knowledge and belief.

*Sd. (Stanley Paul)*

31—5—1966. *Signature of Publisher*

Printed at ST. GEORGE'S PRESS, Main Road, Irinjalakuda. (South India)